ഒരു സംസ്ഥാനമെന്നുള്ള നിലയിൽ രാഷ്ട്രീയ കാര്യങ്ങൾ കൂട്ടി കുഴയ്ക്കേണ്ട കാര്യമില്ല. ഇതിന് കേന്ദ്രത്തിൽ എല്ലാ സമ്മർദ്ദവും സംസ്ഥാന ഗവൺമെന്റ് ചെലുത്തും. അതുകൊണ്ട് ഈ പ്രമേയം അംഗീകരിച്ച് ഈ സഭയുടെ പൊതുവായ വികാരം, ഈ തോട്ടം തൊഴിലാളികൾ അനുഭവിക്കുന്ന ദുരിതത്തിന് പരിഹാരം കാണാൻ കേന്ദ്ര ഗവൺമെന്റിനോട് ആവശ്യപ്പെടുന്ന നമ്മുടെ വികാരം കേന്ദ്രത്തിനെ അറിയിക്കാൻ ഈ പ്രമേയം അംഗീകരിക്കണമെന്ന കാര്യത്തിൽ ഗവൺമെന്റിന് പൂർണ യോജിപ്പാണ് ഉള്ളത്.

മി. ഡെപ്യൂട്ടി സ്പീക്കർ: നമുക്ക് ഈ പ്രമേയം യുനാനിമസ് ആയിട്ട് പാസാക്കാമല്ലോ.

പ്രമേയം സഭ ഐകകണ്ഠ്യേന പാസ്സാക്കിയിരിക്കുന്നു.

(2) പരമ്പരാഗത വ്യവസായങ്ങളുടെ പ്രതിസന്ധി പരിഹരിക്കുന്നതിനും സംസ്ഥാനത്തിന്റെ സാമ്പത്തിക ഭദ്രതയ്ക്കും കേന്ദ്ര ഗവൺമെന്റ് സാമ്പത്തികസഹായം അനുവദിക്കണമെന്ന ആവശ്യം

ശ്രീ. ബിനോയ് വിശ്വം: ശ്രീ. മാങ്കോട് രാധാകൃഷ്ണൻ അധികാരപ്പെടുത്തിയതനുസരിച്ച് താഴെപ്പറയുന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു. സർ, എന്റെ ആദ്യത്തെ അപേക്ഷ മുൻ പ്രമേയത്തിൽ ചെയ്തതുപോലെ തന്നെ ഈ പ്രമേയവും പ്രബുദ്ധമായ ഈ സഭ ഐകകണ്ഠ്യേന പാസ്സാക്കണമെന്നാണ്. പ്രമേയത്തിലെ വാചകം ഇങ്ങനെയാണ്. "കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ തെറ്റായ സാമ്പത്തിക നയങ്ങളുടേയും ആഗോളവൽക്കരണ നയങ്ങൾ നടപ്പിലാക്കുന്നതിന്റെയും ഫലമായി സംസ്ഥാനത്ത് പരമ്പരാഗത വ്യവസായങ്ങൾ ഗുരുതരമായ പ്രതിസന്ധിയിലാണ്. 45 ലക്ഷത്തോളം തൊഴിലാളികൾ പണിയെടുക്കുന്ന കയർ കശുവണ്ടി, ബീഡി, കൈത്തറി, ബാംബൂ, ഓട് തുടങ്ങിയ പരമ്പരാഗത വ്യവസായ മേഖലകളെല്ലാം വൻ തകർച്ച നേരിടുകയാണ്. പട്ടിണിയും ദാരിദ്ര്യവും മൂലം തൊഴിലാളികൾ ആത്മഹത്യ ചെയ്യുന്നതും പട്ടിണി കിടന്ന് മരിക്കുന്നതും, ചികിൽസ കിട്ടാതെ ജീവൻ നഷ്ടപ്പെടുന്നതും കയർ, കശുവണ്ടി, തോട്ടം തുടങ്ങിയ മേഖലകളിൽ വർദ്ധിച്ചുവരുന്നു. കള്ള് ചെത്ത്, മൽസ്യ വ്യവസായ മേഖലകളിലെ സ്തംഭനവും തേയിലതോട്ടങ്ങൾ പൂട്ടിക്കിടക്കുന്നതുമൂലമുള്ള തൊഴിൽ നഷ്ടവും വർദ്ധിച്ചുവരുന്നു. ഈ സാഹചര്യത്തിൽ പരമ്പരാഗത വ്യവസായങ്ങളുടെ നിലനിൽപ്പിനും വ്യവസായ-തൊഴിൽ സംരക്ഷണത്തിനും അതിലൂടെ സംസ്ഥാനത്തിന്റെ സാമ്പത്തിക ഭദ്രതയ്ക്കും ആവശ്യമായ നടപടികൾ സ്വീകരിക്കണമെന്നും ജീവിതം വഴിമുട്ടിയ തൊഴിലാളികൾക്ക് ആവശ്യമായ സാമ്പത്തികസഹായം അനുവദിക്കണമെന്നും ഈ സഭ സംസ്ഥാന സർക്കാരിനോട് അഭ്യർത്ഥിക്കുന്നു." സർ, യാതൊരുവിധ തർക്കവും കൂടാതെ, എതിർപ്പുകൾ ഒന്നുമില്ലാതെ ഈ സഭയ്ക്ക് ഈ പ്രമേയം ഒരേ മനസാക്ഷിയോടുകൂടി പാസ്സാക്കാൻ സാധിക്കുമെന്നാണ് എന്റെ വിശ്വാസം. അതിനുള്ള ഇച്ഛയും സാമൂഹികപ്രതിബദ്ധതയും കേരള നിയമസഭയ്ക്ക് ഉണ്ടാകണം എന്നാണ് ഞാൻ പ്രതീക്ഷിക്കുന്നത്. ഇതിൽ പറയുന്ന കാര്യങ്ങളൊന്നും കക്ഷി

LIBRARY ARCHIVES Kerala Legislative Assembly

രാഷ്ട്രീയ പ്രശ്നങ്ങളല്ല. എൽ.ഡി. എഫ്.-ന്റെ ഏതെങ്കിലും രാഷ്ട്രീയ മുദ്രാവാക്യമല്ല ഇത് മുന്നോട്ടുവയ്ക്കുന്നത്. എൽ.ഡി.എഫ്.—യു.ഡി.എഫ്. ഭേദമന്യേ ഈ കേരളത്തിലെ പരമ്പരാഗത രംഗത്ത് പണിയെടുക്കുന്ന ലക്ഷക്കണക്കായ പാവപ്പെട്ട ആളുകളുടെ കുടുംബങ്ങളുടെ വേദനയാണ് ഈ പ്രമേയത്തിൽ കൂടി ഈ സഭ വിളിച്ചറിയിക്കാൻ ശ്രമിക്കുന്നത്. സർ, കയർ രംഗത്തെ പ്രശ്നങ്ങളെപ്പറ്റി പറഞ്ഞാൽ അവിടെ ഐ.എൻ.ടി.യു.സി., ബി.എം.എസ്., എസ്.ടി.യു., സി.ഐ.ടി.യു., എ.ഐ.ടി.യു.സി., ഈ വ്യത്യാസങ്ങൾ ഒന്നുമില്ല. എത്രയോ നാൾ ആയി കയർ രംഗത്തുള്ള പ്രശ്നം രൂക്ഷമായി മുന്നോട്ടുപോയിക്കൊണ്ടിരിക്കുകയാണ്. അവിടെ വലിയ സമരങ്ങൾ ഉണ്ടായി. ആ സമരങ്ങളുടെ ചരിത്രവും പാരമ്പര്യവും ഞാൻ പറയുന്നില്ല. "കയറു പിരിക്കും തൊഴിലാളിക്കൊരു കഥയുണ്ടുജ്ജ്വല സമരകഥ" എന്നുപാടിയ മഹാനായ കവി കേരളത്തിലുണ്ട്. ഈ കേരളത്തിൽ "തൊണ്ട് തല്ലി ചകിരിയാക്കി, ചകിരിനാര് കയ്യിലിട്ട് തങ്കനൂൽ നൂൽക്കുന്ന" ആ മനുഷ്യരെപ്പറ്റി കവികൾ ഒരുപാട് പാടിയിട്ടുണ്ട്. സർ, നമ്മുടെ കേരളത്തിന്റെ സാമ്പത്തിക മേഖലയിൽ കയർ വ്യവസായത്തിന്റെ പ്രാധാന്യം വളരെ വലുതാണ്. സംസ്ഥാന പ്ലാനിംഗ് ബോർഡിന്റെ ഒരു രേഖയാണ് ഇത്. ആ രേഖയിൽ പറയുന്നു. "States production now caters to 90% of domestic consumption and 95% of India's exports. Out of the total exports of Coir and Coir products from India in 2002, the share of Kerala is 297 crores". ടോട്ടൽ എക്സ്പോർട്സ് 320 കോടി ആയിരിക്കേ 297 കോടിയാണ്, കേരളത്തിന്റെ ഷെയർ നിസ്സാരമല്ല ആ സംഖ്യ. ഇത്രയും വലിയ സാമ്പത്തികനേട്ടം ഈ കേരളത്തിൽ കഴിഞ്ഞവർഷം ഉണ്ടാക്കിയ കയർ മേഖലയിലെ പ്രതിസന്ധിയെ തൊഴിലാളികളുടെ മാത്രം പ്രശ്നമായിട്ടല്ല ഈ സ്റ്റേറ്റ് ഗവൺമെന്റ് കാണേണ്ടത്. ഇത് സമ്പദ് മേഖലയെ ബാധിക്കുന്ന മൗലിക പ്രശ്നമാണ്. ഈ ഗൗരവത്തോടുകൂടി ഇത്തരം വിഷയങ്ങളെ കാണാൻ എന്തേ ഗവൺമെന്റ് തയ്യാറാകുന്നില്ല? സർ, പരമ്പരാഗത വ്യവസായ മേഖലകളെ അവഗണിച്ചുകൊണ്ട് കേരളത്തിന് പുരോഗതി ഉണ്ടാകില്ല. എത്രയോ അധികം ജനങ്ങൾക്ക് ജീവിതം കൊടുക്കുന്ന ഒരു വലിയ മേഖലയാണിത്. പരമ്പരാഗത വ്യവസായത്തിൽ ഏർപ്പെട്ടിരിക്കുന്ന മുഴുവൻ ജനങ്ങളേയും വിസ്മരിച്ചുകൊണ്ട് ഏത് ഗവൺമെന്റിന് ഭരിക്കാൻ കഴിയും? ഒരു ഗവൺമെന്റിനും ഭരിക്കാൻ കഴിയുകയില്ല. നമ്മൾ ഏതെല്ലാം ആധുനിക വ്യവസായങ്ങളെപ്പറ്റി പറഞ്ഞാലും, നമ്മൾ ഏതെല്ലാം ഐ.റ്റി.-കളെപ്പറ്റി പറഞ്ഞാലും, നമ്മൾ ഏതെല്ലാം ബി.റ്റി.-യെപ്പറ്റി പറഞ്ഞാലും നമ്മൾ ഏതെല്ലാം പുതിയ "ഫ്രോണ്ടിയേഴ്സ് ഓഫ് നോളജി"നെപ്പറ്റി പറഞ്ഞാലും പരമ്പരാഗത മേഖലകളിലെ ഈ മനുഷ്യരുടെയും അവരുടെ ജീവിതങ്ങളേയും ഈ വ്യവസായങ്ങളേയും മറന്നുകൊണ്ട് ഈ കേരളത്തിന് ഒരു വ്യവസായ പുരോഗതിയില്ല; ഒരു സാമ്പത്തിക വളർച്ചയില്ല. "നമുക്ക് അവരെയെല്ലാം മറക്കാം, പരമ്പരാഗത മേഖലയിലെ ഈ പാവങ്ങളെയെല്ലാം മറക്കാം, ആ വ്യവസായങ്ങളെപ്പറ്റിയെല്ലാം മറക്കാം. നമുക്ക്, എന്നിട്ട് ആധുനിക വ്യവസായങ്ങളെപ്പറ്റിയും ഐ.ടി.-യെപ്പറ്റിയും ബയോടെക്നോളജിയെപ്പറ്റിയും ചിന്തിക്കാമെന്ന്" ചിലർ പറയുന്നു. പുതിയ frontiers of

LIBRARY ARCHIVES Kerala Legislative Assembly

knowledge നാം കണ്ടുകൊണ്ടിരിക്കുകയാണ്. സർ, ഈ സുവിശേഷങ്ങളെല്ലാം ആപൽക്കരമാണ്, ഈ സുവിശേഷങ്ങളെല്ലാം അടിസ്ഥാനരഹിതമായ വാദങ്ങളാണ്. സർ, മൂട് മറന്നുകൊണ്ട് ആരും മുന്നോട്ട് പോകരുത്. കേരളത്തിന്റെ വ്യവസായ പുരോഗതിക്കും വളർച്ചയ്ക്കുമെല്ലാംവേണ്ടി നമുക്കെല്ലാപേർക്കും ഒരുമിച്ച് കൈകോർത്ത് പിടിക്കാം. പക്ഷെ 45 ലക്ഷം ജീവിതങ്ങളെ വിസ്മരിച്ചുകൊണ്ടാകരുത്. അവരുടെ ജീവിതം മാത്രമല്ല, ഈ പറഞ്ഞ മാതിരിയുള്ള അനവധി കോടി രൂപ കയറും കൈത്തറിയും കശുവണ്ടിയുമെല്ലാം ചേർന്ന് വിദേശനാണ്യം നേടിത്തരുന്നുണ്ട്. കേരളത്തിൽ ആ സാമ്പത്തിക വശങ്ങളെ മറന്നുകൊണ്ട് എന്ത് അത്ഭുതമുണ്ടാക്കാനാണ് പോകുന്നത്? നമുക്ക് എല്ലാപേർക്കും കൂടി ചിന്തിക്കാം, ഇക്കാര്യം കൂട്ടായി ചിന്തിക്കണ്ടേ സർ? ബഹുമാനപ്പെട്ട ശ്രീ. ഹസ്സൻ ഇവിടെയിരിക്കുന്നു, ഞാൻ അദ്ദേഹത്തോട് പറയുന്നു, അങ്ങ് യു.ഡി.എഫ്. മാനിഫെസ്റ്റോയെ ചൊല്ലി കണ്ണീർ പൊഴിക്കുമെങ്കിൽ അത് ഇപ്പോൾ പൊഴിക്കണം. ഈ ഗവൺമെന്റിന്റെ ഏറ്റവും വലിയ നയവക്താവ് എന്നുപറയുന്ന വ്യവസായ വകുപ്പുമന്ത്രി ഇന്ന് രാവിലെ ഈ സഭയിൽ പറഞ്ഞു, ഈ മാനിഫെസ്റ്റോയ്ക്ക് യാതൊരു പ്രാധാന്യവും ഗവൺമെന്റ് കൽപ്പിക്കുന്നില്ലായെന്ന്. മാനിഫെസ്റ്റോയുടെ പ്രവർത്തനമെല്ലാം അവിടെ കിടക്കും. മാനിഫെസ്റ്റോ..... ഞാൻ വഴങ്ങുന്നില്ല, ഞാൻ വഴങ്ങുന്നില്ല.....

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എം. എം. ഹസ്സൻ: വ്യവസായ വകുപ്പുമന്ത്രി അങ്ങനെ പറഞ്ഞിട്ടില്ല. വ്യവസായ വകുപ്പുമന്ത്രി അങ്ങനെ പറഞ്ഞിട്ടില്ല.....

ശ്രീ. ബിനോയ് വിശ്വം: അങ്ങനെ അങ്ങ് പറയുമ്പോലെ പരിപൂർണ്ണമായ നയരൂപീകരണത്തിന്റെയും നയനിർവ്വഹണത്തിന്റെയും ആധികാരികമായ രേഖയാണ് ഈ രേഖയെങ്കിൽ സന്തോഷം. ഈ രേഖയെപ്പറ്റി അങ്ങ് പറയുന്നു, ഈ രേഖയ്ക്ക് ആധികാരികത്വം ഉണ്ടെന്ന്. ഇല്ല എന്ന് വ്യവസായമന്ത്രി പറയുന്നു. ഞാൻ അങ്ങയെ പിൻതാങ്ങുന്നു. എന്നിട്ട് ഞാൻ അപേക്ഷിക്കുന്നു, യു.ഡി.എഫ്. മാനിഫെസ്റ്റോയിൽ പറയുന്ന ഒരു ഭാഗമുണ്ട്. ആ ഭാഗം ഞാൻ വായിക്കട്ടെ, നേരത്തെ അതെനിക്ക് വായിക്കാൻ തോന്നിയിരുന്നില്ല. ഇപ്പോഴത്തെ അങ്ങയുടെ ആധികാരിക പ്രസ്താവന എന്നോട് പറയുന്നു, ഇത് ഇപ്പോഴും വായിക്കാൻ കൊള്ളാമെന്ന്. രാവിലെ എനിക്ക് തോന്നി, അച്ചടിച്ച കടലാസിന്റെ പോലും വിലയില്ലാത്ത ജനങ്ങളെ കബളിപ്പിക്കാൻ വേണ്ടി മാത്രമുള്ള, 100 സീറ്റ് ലഭിക്കാൻ വേണ്ടി മാത്രമുള്ളതാണ് ഈ രേഖയെന്ന് രാവിലെ അങ്ങനെ തോന്നിപ്പിച്ചത്..... പക്ഷേ നിങ്ങൾ ഇപ്പോൾ പറയുന്നു .....(ബഹളം).....അങ്ങ് പറയണം. അങ്ങ് തന്നെ പറയണം.

വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി) : അങ്ങ് ഞാൻ പറയാത്ത കാര്യം പറയരുത്. എൽ.ഡി.എഫ്.-ന്റെ മാനിഫെസ്റ്റോ ഇവിടെ വന്നല്ലോ. എല്ലാ മണ്ഡലങ്ങളിലും വ്യവസായ കേന്ദ്രം തുടങ്ങുമെന്ന്. തുടങ്ങിയോ? നിങ്ങൾ പ്രഖ്യാപിച്ചതാണ്. തുടങ്ങിയില്ലല്ലോ. എല്ലാ അസംബ്ളി മണ്ഡലങ്ങളിലും വ്യവസായ കേന്ദ്രം എന്നത് നിങ്ങളുടെ പ്രഖ്യാപനമാണ്. നടപ്പിലാക്കിയോ? നടപ്പിലാക്കിയില്ലല്ലോ.

അതാണ് പറഞ്ഞത്. ഇത്തരം മാനിഫെസ്റ്റോയിൽ വരുന്ന പല പ്രസ്താവനകളും അതാത് കാലങ്ങളിൽ നടപ്പിലാക്കാതെ പോയിട്ടുണ്ട്. എല്ലാ മോഹങ്ങളും പ്രാവർത്തികമാകാറില്ല. യു.ഡി.എഫ്.-ന്റെ മാത്രമല്ല, എൽ.ഡി.എഫ്.-ന്റേതും നടപ്പിലായിട്ടില്ല.

ശ്രീ. കെ.പി. രാജേന്ദ്രൻ: രാവിലെ ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞ മറുപടി ഞങ്ങളെല്ലാവരും ശ്രദ്ധിച്ചതാണ് യു.ഡി.എഫ്.-ന്റെ പ്രകടന പത്രികയിൽ പറഞ്ഞ കാര്യം. അത് ഇവിടെ കാലത്ത് ചർച്ചയിലും വന്നു. ശ്രീ. ഹസ്സൻ കൺവീനറായിട്ടുള്ള കമ്മിറ്റി തയ്യാറാക്കിയ യു.ഡി.എഫ്.-ന്റെ പ്രകടന പത്രികയിൽ തന്നെ മദ്യനിരോധനം ഘട്ടംഘട്ടമായിട്ട് നിരോധിക്കുമെന്ന് പറഞ്ഞിട്ട് ഇതേ ഗവൺമെന്റ് കേരളത്തിലെ ഗ്രാമങ്ങൾ തോറും വിദേശമദ്യ ഷാപ്പുകൾ ഇപ്പോൾ നടപ്പിലാക്കിക്കൊണ്ടിരിക്കുകയാണ്. അപ്പോൾ പ്രകടന പത്രികയ്ക്ക് നിങ്ങൾ അത്രയേ വില കൽപ്പിച്ചിട്ടുള്ളൂവെന്ന് വ്യക്തമല്ലേ.

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി: ഞങ്ങളുടെ മാനിഫെസ്റ്റോ നടപ്പിലാക്കാൻ 3 കൊല്ലം കൂടി ഉണ്ടെന്ന് ഓർക്കണം. നടപ്പിലാവാത്തത് എൽ.ഡി.എഫ്.-ന്റെ മാനിഫെസ്റ്റോയാണ്. അത് തെളിഞ്ഞുകഴിഞ്ഞതാണ്. ഞങ്ങളുടേത് 3 കൊല്ലം കൂടി കഴിഞ്ഞിട്ടല്ലേ പറയാൻ സാധിക്കുകയുള്ളു.

ശ്രീ. ബിനോയ് വിശ്വം: അതുകൊണ്ട്, വ്യവസായ മന്ത്രിയോട് എന്റെ അപേക്ഷ അവശേഷിക്കുന്ന 3 കൊല്ലക്കാലം ദയവായി, ഈ മാനിഫെസ്റ്റോ മാറ്റിവയ്ക്കേണ്ട വിലയറ്റ കടലാസല്ല മറിച്ച് പോളിസി നടപ്പാക്കലിൽ നിങ്ങളെ വഴികാണിക്കേണ്ട രേഖയാണ് എന്നുള്ള ആദരവോടുകൂടി ഈ മാനിഫെസ്റ്റോയെ കാണാൻ അങ്ങ് അടക്കമുള്ള മന്ത്രിമാർ തയ്യാറാകണമെന്നുമാത്രമാണ്. ഞാൻ ഈ മാനിഫെസ്റ്റോയിലെ പ്രസക്തഭാഗങ്ങൾ വായിക്കട്ടെ: "പരമ്പരാഗത വ്യവസായങ്ങൾ, കയർ, കാലാനുസൃതമായ മാറ്റങ്ങൾ ഉൾക്കൊണ്ട് വിപണിക്കനുസൃതമായി ഉൽപ്പന്നങ്ങളിൽ വൈവിദ്ധ്യവൽക്കരണം നടത്തി കയർ വ്യവസായം ആധുനികവൽക്കരിക്കും. മണ്ണൊലിപ്പ് തടയുന്നത് ഉൾപ്പെടെയുള്ള നിരവധി ആവശ്യങ്ങൾക്ക് കയർ ഉൽപ്പന്നങ്ങൾ പ്രയോജനപ്പെടുത്തും. പരിസ്ഥിതിക്ക് ഇണങ്ങുന്ന ഉൽപ്പന്നങ്ങളോട് ആഗോളതലത്തിലുള്ള താൽപ്പര്യം പ്രയോജനപ്പെടുത്തി വിദേശ വിപണി കണ്ടെത്തും. കൈത്തറി, നൂതന ടെക്സ്റ്റൈൽ ആന്റ് ഡിസൈൻ ടെക്നോളജി ഉപയോഗിച്ച് പരിസ്ഥിതിക്ക് ഇണങ്ങുന്ന കൈത്തറി റെഡിമെയ്ഡ് വസ്ത്രങ്ങൾ വിപുലമായി തയ്യാറാക്കി വിദേശ വിപണി കണ്ടെത്തും. തൊഴിലാളികൾക്ക് നൂൽ ലഭ്യമാക്കാനുള്ള നടപടിയെടുക്കും. ഫാഷൻ രംഗത്ത് അനുദിനം വന്നുകൊണ്ടിരിക്കുന്ന മാറ്റങ്ങൾ പ്രദാനം ചെയ്യാൻ ഉപകരിക്കുന്ന ഫാഷൻ ആന്റ് ഡിസൈൻ ടെക്നോളജി ഇൻസ്റ്റിറ്റ്യൂട്ട് സ്ഥാപിക്കുന്നതാണ്. കശുവണ്ടിക്ക് വിപുലമായ തോതിൽ കശുമാവ് കൃഷി നടത്തി വ്യവസായത്തിനാവശ്യമായ തോട്ടണ്ടി ഉൽപ്പാദിപ്പിക്കാൻ നടപടിയെടുക്കും. കശുവണ്ടി തോടിൽ നിന്നും കശുമാങ്ങയിൽ നിന്നും വ്യാവസായികാടിസ്ഥാനത്തിൽ ഉൽപ്പന്നങ്ങൾ ഉണ്ടാക്കും. തൊഴിലാളിക്ക് ഇന്ന് ലഭിക്കുന്നതിനേക്കാൾ കൂടുതൽ ദിവസം തൊഴിൽ ലഭ്യമാക്കും. കശുവണ്ടിയെ

LIBRARY ARCHIVES Kerala Legislative Assembly

തോട്ടവിളയായി പ്രഖ്യാപിക്കും. ഖാദി ഗ്രാമ വ്യവസായങ്ങൾക്ക് കൂടുതൽ പ്രോത്സാഹനം നൽകും. സെറികൾച്ചർ രംഗത്ത് കൂടുതൽ വികസനം നടത്തി കൈത്തറിയുടെയും പട്ടിന്റെയും നിർമ്മാണത്തിന് സവിശേഷ ശ്രദ്ധ കൊടുക്കും. ഈറ്റ വ്യവസായം, ഈറ്റ വ്യവസായത്തിലെ പ്രശ്നത്തിന് പരിഹാരം കാണും. ബാംബു കോർപ്പറേഷന്റെ പ്രവർത്തനങ്ങൾ പുനഃസംഘടിപ്പിക്കും.

[അദ്ധ്യക്ഷവേദിയിൽ ശ്രീ. ഇ. എം. അഗസ്തി]

Mr. Chairman (Shri. E. M. Augusthy): Don't be so elaborative. Your time is almost over.

ശ്രീ. ബിനോയ് വിശ്വം: No, I won't elaborate at all.

Mr. Chairman (Shri. E. M. Augusthy): You have only ten minutes time.

ശ്രീ. ബിനോയ് വിശ്വം: Sir, I am only reading out this. No elaboration at all.

മി. ചെയർമാൻ (Shri. E. M. Augusthy): ഞാൻ അതിൽ റിയോജിക്കുന്നില്ല. നിങ്ങളുടെ സമയം 10 മിനിറ്റാണ്. 10 മിനിറ്റ് സമയമായിരിക്കുന്നു.

ശ്രീ. ബിനോയ് വിശ്വം: Let me make my point clear. അതുകൊണ്ട്, ഈ സഭയോടുള്ള എന്റെ അപേക്ഷ യു.ഡി.എഫ്.-ന്റെ മാനിഫെസ്റ്റോയോട് ആദരവ് കാണിച്ചുകൊണ്ട് പരമ്പരാഗത വ്യവസായങ്ങളോട് ഇന്ന് അവലംബിക്കുന്ന സമീപനത്തിൽ നിന്ന് മാറി ചിന്തിക്കണം എന്നാണ്. ഇവിടെ ജിമ്മിനെപ്പറ്റി ഏറ്റവും ഉറക്കെ പറയുന്ന മന്ത്രിയാണ് വ്യവസായ വകുപ്പുമന്ത്രി. 26,000 കോടി രൂപയുടെ നിക്ഷേപത്തെപ്പറ്റി പറഞ്ഞു. ആ ജിം നമ്മുടെ ഉൽപ്പാദന മേഖലയിൽ എന്ത് മാറ്റം വരുത്തിയെന്ന് ഈ സഭയ്ക്ക് അറിയണ്ടേ? 26,000 കോടിയിൽ എത്ര കോടി ഇവിടെ ആത്യന്തികമായിട്ട് വരുമെന്ന് ഈ സഭയ്ക്ക് ഉറപ്പ് വേണ്ടേ? സോപ്പ്, ചീപ്പ്, കണ്ണാടി ഉണ്ടാക്കുന്ന 'കൺസ്യൂമർ' 'കോസ്മെറ്റിക്' മേഖലയിലും അതുപോലെതന്നെ ജൂവലറി അടക്കമുള്ള കാര്യങ്ങളിലും ആണ് ശ്രദ്ധ. നഗരത്തിലെ കണ്ണായ ഭൂമി തട്ടിക്കൊണ്ടുപോകാൻ ശ്രമിക്കുന്ന ചില തൽപ്പരകക്ഷികളുടെ താൽപ്പര്യത്തിന് വേണ്ടിയുള്ള മറയായി ജിം മാറിക്കൊണ്ടിരിക്കുന്നുവെന്ന് കർശനമായി ഞങ്ങൾ പറയുകയാണ്. കേരളത്തിലെ വ്യവസായ മേഖലയിൽ, ഉൽപ്പാദന മേഖലയിൽ നിക്ഷേപങ്ങൾ ഉണ്ടാകാനും അതുവഴി ഉൽപ്പാദനം വർദ്ധിപ്പിക്കാനും തൊഴിലവസരം ഉണ്ടാക്കാനും കഴിയുന്ന മാധ്യമമായി 'ജിം' മാറുമെങ്കിൽ ഞങ്ങൾ ഇപ്പോഴും പറയുന്നു, ഞങ്ങൾ അതിനോട് സർഗാത്മകമായി പ്രതികരിക്കും എന്ന്. പക്ഷേ യാതൊരു വിധത്തിലുള്ള ഉൽപ്പാദന രംഗത്തും കണ്ണോടിക്കാൻ പോലും കൂട്ടാക്കാതെ സാമ്പത്തിക രംഗത്തെ വക്രബുദ്ധികളുടെ വിഹാര വേദിയായി ജിമ്മിനെ മാറ്റാൻ നടക്കുന്ന ആപൽക്കരമായ ശ്രമങ്ങളെപ്പറ്റി ഞങ്ങൾക്ക് ആശങ്കയുണ്ട്. ഗവൺമെന്റ് അവകാശ

LIBRARY ARCHIVES Kerala Legislative Assembly

പ്പെടുമ്പോലെ 26,000 കോടി രൂപയും വന്നു എന്നിരിക്കട്ടെ വന്നവരെല്ലാം നിക്ഷേപകരായി മാറി. അതിന്റെയെല്ലാം ഫലമായിട്ട് ഉൽപ്പന്നങ്ങളുണ്ടായി എന്നിരിക്കട്ടെ. ആ ഉൽപ്പന്നങ്ങൾ വാങ്ങാൻ, അതിന്റെ വിനിമയത്തിന് ഒരു കമ്പോളം വേണം. 26,000 കോടിരൂപയും ഉൽപ്പന്നങ്ങളായി മാറിയാൽ ആ ഉൽപ്പന്നങ്ങളെല്ലാം ഇന്നത്തെ ലോക സാഹചര്യങ്ങളിൽ എവിടെ വിറ്റഴിക്കും? ഭാവനാപൂർണ്ണമായ ഒരു ഗവൺമെന്റ് ചിന്തിക്കേണ്ടതാണ്. ഏതൊരു ഗവൺമെന്റും സ്വന്തം 'ഡൊമസ്റ്റിക് മാർക്കറ്റി'നെപ്പറ്റി ചിന്തിക്കണ്ടേ? ഏതാണ് കേരളത്തിന്റെ ആഭ്യന്തര കമ്പോളം. കേരളത്തിലെ ആഭ്യന്തര കമ്പോളം കേരളത്തിലെ മനുഷ്യരുടെ ക്രയശേഷിയാണ്. ആ ക്രയശേഷിയിൽ ഏറ്റവും വലിയ പങ്ക് വഹിക്കാൻ കഴിയുന്ന കയർ മേഖല, കശുവണ്ടി മേഖല, പരമ്പരാഗത മേഖല, തോട്ടം മേഖല, മത്സ്യബന്ധന മേഖല, ചെത്ത് തൊഴിലാളി മേഖല, ആ മേഖലകൾ മുഴുവൻ തകർന്നില്ലേ? പിന്നെ ഡൊമസ്റ്റിക് മാർക്കറ്റുണ്ടോ? ആഭ്യന്തര കമ്പോളമുണ്ടോ? അതുകൊണ്ട് ജിമ്മിനെപ്പറ്റിയുള്ള ഗവൺമെന്റിന്റെ അവകാശവാദങ്ങളോട് ഗവൺമെന്റിന് തന്നെ ബേസിക്കായ കൂറുണ്ടെങ്കിൽ ഗവൺമെന്റ് ആഭ്യന്തര കമ്പോളത്തെപ്പറ്റി ഇന്നുള്ള സമീപനത്തിൽ മാറ്റം വരുത്തിയേ മതിയാവൂ. അങ്ങനെ വരുമ്പോൾ ഈ ഗവൺമെന്റ് പരിഗണന കൽപ്പിക്കേണ്ടത് മറ്റൊരു മേഖലയ്ക്കുമല്ല; പരമ്പരാഗത മേഖലയ്ക്കാണ്. പക്ഷേ ആ മേഖലയോട് അങ്ങേയറ്റത്തെ അവഗണന, ഏറ്റവും കൊടിയ വഞ്ചന, വച്ചുപൊറുപ്പിച്ചുകൂടാത്ത ദ്രോഹം അതാണ് ഈ ഗവൺമെന്റ് കാണിക്കുന്നത്.

മി. ചെയർമാൻ (ശ്രീ. ഇ. എം. അഗസ്തി): Please conclude. Mr. Rajendran, dont't disturb him. His time is over.

ശ്രീ. കെ. പി. രാജേന്ദ്രൻ: വളരെ പ്രധാനപ്പെട്ട കാര്യങ്ങളാണ് ഇവിടെ പറഞ്ഞത്. അതിലും പ്രധാനപ്പെട്ട ഒരു വിഷയം ഞാൻ അങ്ങയുടെ ശ്രദ്ധ വിട്ടുപോകാതിരിക്കാൻ വേണ്ടി ചോദിക്കുകയാണ്. കേരളത്തിലെ തൊഴിലാളികളെ പ്രത്യേകിച്ച് പരമ്പരാഗത വ്യവസായ മേഖലയിലുള്ള തൊഴിലാളികളെ, അടച്ചുപൂട്ടി വ്യവസായങ്ങൾ ഇട്ടെറിഞ്ഞുപോയ സ്ഥാപനങ്ങളിലെ തൊഴിലാളികളെയൊക്കെ സഹായിക്കാൻ വളരെ സുപ്രധാനങ്ങളായ നിയമനിർമ്മാണങ്ങൾക്ക് വേദിയൊരുക്കിയിട്ടുള്ളതാണ് കേരള നിയമസഭ. ഈ നിയമസഭയിൽ പാസ്സാക്കിയ നിയമങ്ങളുടെ ഫലമായാണ് പിന്നീട് ഗ്രാറ്റുവിറിയൊക്കെ കൊണ്ടുവന്നത്. സഖാവ് അച്ചുതമേനോൻ മുഖ്യമന്ത്രിയായിരുന്ന കാലത്ത് കൊണ്ടുവന്ന ഗ്രാറ്റുവിറ്റി നിയമം ഉൾപ്പെടെ അത്തരം നിയമങ്ങൾ ഇൻഡ്യയ്ക്ക് മൊത്തം മാതൃകയായിട്ടുള്ള നിയമനിർമ്മാണങ്ങളിൽ തൊഴിലാളികളെ സഹായിക്കാനും സംരക്ഷിക്കാനും നടപടിയെടുത്തു. ഗവൺമെന്റ് തന്നെ ഇപ്പോൾ തൊഴിലാളികളെ ക്രൂരമായി ദ്രോഹിക്കാൻ കഴിയുന്ന, അവരെ സംഹരിക്കാൻ കഴിയുന്ന വിധത്തിലുള്ള ചുമട്ടുതൊഴിലാളി നിയമം ഉൾപ്പെടെയുള്ള നിയമങ്ങളും ഈ നിയമസഭ പാസ്സാക്കിയതാണ്. അതുകൊണ്ട് തൊഴിലാളികളെ സഹായിക്കാനുള്ള നിയമനിർമ്മാണ നടപടികൾക്ക് മുൻതൂക്കം കൊടുക്കാനായിട്ട് അതിനുള്ള നിർദ്ദേശങ്ങൾ അങ്ങ് സമർപ്പിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ബിനോയ് വിശ്വം : സർ, ഈ പ്രശ്നം ഏറ്റവും ഗൗരവമേറിയ ഒന്നാണ്. ഈ സഭയ്ക്ക് വമ്പിച്ച ഉത്തരവാദിത്വം ആണുള്ളത്. "With whom do you stand?" ഇവിടെ ഇപ്പോൾ പുതിയ തത്വം നമ്മൾ കേൾക്കുന്നു. "നമുക്കെല്ലാവർക്കും ചേർന്നുകൊണ്ട് മൂലധന വാഴ്ചയ്ക്ക് വേണ്ടി ജയ ജയ പാടാം." തിരിച്ച് ആരെങ്കിലും മിണ്ടിപ്പോയാൽ അവരെ വിളിക്കാനൊരു പേരുണ്ട്. ഓർത്തഡോക്സ്. That they are Orthodox. പാവങ്ങൾക്കു വേണ്ടിയും പട്ടിണിക്കാർക്കു വേണ്ടിയും വേദനപ്പെടുന്നവർക്കും വേണ്ടി ചിന്തിച്ചാൽ.....

വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി) : സർ, ഈ മാറ്റം ഞാൻ അപ്രീഷിയേറ്റ് ചെയ്യണ്ടേ ? കാരണമെന്തെന്നു വച്ചാൽ ഒരു കാലത്ത് ഞങ്ങളൊക്കെ മത മൗലികവാദികൾ, മൗലിക വാദികൾ ഒരു പുരോഗതിക്ക് എതിരു നില്ക്കുന്ന ആളുകൾ; പുരോഗമന നിയമങ്ങൾ അനുകൂലിക്കാത്തവർ എന്നൊക്കെ പറയുന്ന സ്ഥിതി മാറി. ഇപ്പോൾ ഞാനൊക്കെ പുരോഗമനപരമായ ആശയങ്ങൾക്കുവേണ്ടി വാദിക്കുന്ന ആളും അങ്ങ് മാറ്റത്തെ എതിർക്കുന്ന ആളുമായി മാറിയാൽ അതിനെ എങ്ങനെയാണ് കാണുന്നത് ? അത് അടിയന്തിരമായി ഡിസ്ക്കസ് ചെയ്യേണ്ട വിഷയമല്ലേ ? എല്ലാ നല്ല പ്രസ്ഥാനങ്ങളും കുറെക്കാലം കഴിയുമ്പോൾ ഈമാതിരി ഒരു സ്റ്റാഗ്നന്റ് ആകും. അങ്ങനെ സ്റ്റാഗ്നന്റ് പൊസിഷൻ ചിന്താഗതിക്ക് വന്നിട്ടുണ്ടോ എന്ന് പരിശോധന നടത്തുന്നത് നല്ലതല്ലേ?

ശ്രീ. ബിനോയ് വിശ്വം : No....No....No.... we are not stagnant, we are revolutionaries. ഞങ്ങൾ മാറ്റത്തിനു വേണ്ടി നില്ക്കുന്നവരാണ്. ഞങ്ങൾ എപ്പോഴും അങ്ങനെയായിരിക്കും. പക്ഷേ 'ഗ്ലോബലൈസേഷൻ', പദങ്ങളെ പോലും പുതിയ അർത്ഥം കല്പിക്കുവാൻവേണ്ടി ദുർവ്യാഖ്യാനിക്കുകയാണ്. ലോകത്ത് എല്ലാ സ്ഥലങ്ങളിലും ഇതുപോലെ പദങ്ങളുടെ അർത്ഥം ഇന്ന് മാറിക്കൊണ്ടിരിക്കുന്നു.

ഇൻഫർമേഷനും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എം. എം. ഹസ്സൻ): മാറ്റത്തിന് മാറ്റമില്ല എന്നുള്ളതാണ് കമ്മ്യൂണിസ്റ്റുകാരുടെ അടിസ്ഥാന വിശ്വാസ പ്രമാണമെങ്കിൽ ഈ കമ്മ്യൂണിസ്റ്റ് ചൈനയിൽവന്ന മാറ്റങ്ങളെങ്കിലും കേരളത്തിൽ അംഗീകരിക്കുവാൻ ഒരു കമ്മ്യൂണിസ്റ്റുകാരനായ താങ്കൾ തയ്യാറാകുമോ?

ശ്രീ. ബിനോയ് വിശ്വം : നിങ്ങളെന്തിനാണ് വെളിച്ചത്തെ ഇരുട്ടാക്കുന്നത്? ഞങ്ങൾ മാറ്റങ്ങളുടെ ഭാഗത്ത് നില്ക്കുന്നവരാണ്. മാറ്റം വേണം. പക്ഷേ മാറ്റം വരുമ്പോൾ ഒരു അടിസ്ഥാന പ്രശ്നമുണ്ട്. ഈ മാറ്റങ്ങൾ ആർക്കു വേണ്ടിയാണ്?

മി. ചെയർമാൻ (ശ്രീ. ഇ. എം. അഗസ്തി) : Mr. Binoy, please conclude. Your time is only 10 minutes, but you have taken 18 minutes.....please conclude.....

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ബിനോയ് വിശ്വം: സർ, ഗൗരവമേറിയ കാര്യമാണ്. മാറ്റങ്ങൾ ആർക്കു വേണ്ടിയാണ് ? മാറ്റങ്ങൾ മനുഷ്യനു വേണ്ടിയാണ്. മാറ്റങ്ങൾ ലാഭത്തിനു വേണ്ടിയാണോ? അത് ഒരു ബേസിക് ആയ വിഷയമാണ്. ഞങ്ങൾ പറയുന്നു മാറ്റങ്ങൾ വേണം. പക്ഷേ ആ മാറ്റങ്ങൾ മനുഷ്യനു വേണ്ടിയാകണം. പരമ്പരാഗത മേഖലയിൽ ഐ.എൻ.ടി.യു.സി.-ക്കാരുടെയും എസ്.ടി.യു.-ക്കാരുടെയും പട്ടിണിക്കുവേണ്ടിയല്ല മാറ്റം ഉണ്ടാകേണ്ടത്. ആ രംഗത്തുള്ള പട്ടിണിക്കാരെയും പാവങ്ങളെയും ചവിട്ടി തേയ്ക്കാൻ വേണ്ടിയല്ല മാറ്റങ്ങൾ ഉണ്ടാകേണ്ടത്.

മി. ചെയർമാൻ (ശ്രീ. ഇ. എം. അഗസ്തി) : Yes. Please conclude and please come to your resolution. Please conclude.....

ശ്രീ. ബിനോയ് വിശ്വം : കേരളത്തിലെയും ഇൻഡ്യയിലെയും ജനങ്ങളിൽ മഹാ ഭൂരിഭാഗം വരുന്ന പാവങ്ങളെ മറന്നുകൊണ്ട് ആകാൻ പാടില്ല മാറ്റങ്ങൾ ഉണ്ടാക്കേണ്ടത്. അവിടെ ഇരിക്കുന്നുണ്ട്, എല്ലാവരുടെയും പ്രിയപ്പെട്ട മുഖ്യമന്ത്രി. അദ്ദേഹം കഴിഞ്ഞയാഴ്ചയാണ് സിംലയിൽ പോയിരുന്നത്. വിചാർ മന്ഥൻ ശിബിരം. വിചാരങ്ങളെ മഥിക്കുന്ന ശിബിരമാണ്. ആ ശിബിരം കഴിഞ്ഞിട്ട് ബഹുമാനപ്പെട്ട മുഖ്യമന്ത്രി നേരെ വന്ന്, തൊട്ട് വലത്തു ഭാഗത്തിരിക്കുന്ന വ്യവസായ മന്ത്രിയുടെ പാർട്ടിയുടെ നിലപാടുകളെ ഇത്ര നിശിതമായി തള്ളിപ്പറയാമോ? അത്രയും തള്ളിപ്പറഞ്ഞുകൊണ്ട് പ്രവീൺ 'ഭായി' തൊഗാഡിയമാരെ മാത്രം സഹായിക്കും വിധമുള്ള ഒരു പ്രസ്താവന ചെയ്തത് എന്തിനാണ്? ഞാൻ ഇവിടെവച്ച് പറയുന്നു, ഞാൻ വ്യക്തിപരമായി അങ്ങേയറ്റം സ്നേഹിക്കുന്ന നേതാവാണ് ശ്രീ. എ. കെ. ആന്റണി. ആ സ്നേഹം ഞാൻ മറച്ചു വയ്ക്കുന്നില്ല. ആ സ്നേഹത്തിൽ എനിക്ക് അശേഷം കളങ്കമില്ല, പക്ഷേ അടുത്ത കാലത്തായി ശ്രീ. ആന്റണിയുടെ നിലപാടുകളിൽ വരുന്ന ആർ.എസ്.എസ്. അനുകൂലമായ മാറ്റം, അതിനെ അവഗണിക്കുവാൻ കഴിയുകയില്ല. ന്യൂനപക്ഷങ്ങളുടെ സാമൂഹിക രാഷ്ട്രീയ അവകാശങ്ങളെയെല്ലാം ഹനിച്ചുകൊണ്ട്, വർഗ്ഗീയ ഭ്രാന്തിനെ സന്തോഷിപ്പിച്ചുകൊണ്ട് പ്രവീൺഭായി തൊഗാഡിയമാരെ അങ്ങേയറ്റം ആവേശം കൊള്ളിച്ചുകൊണ്ട് അദ്ദേഹം നടത്തിവരുന്ന പ്രസ്താവനകളുടെ പരമ്പരയിൽ ഏറ്റവും ഒടുവിലത്തേതായിരുന്നു മാറാട് പ്രശ്നം. സ്വന്തം മണ്ണിൽനിന്നും സ്വന്തം വീട്ടിൽ നിന്നും അഭയാർത്ഥികളായി ഒഴിഞ്ഞു പോകേണ്ടിവന്ന പാവങ്ങളുടെ സ്ഥിതി. ആ പാവങ്ങളെ ചൊല്ലി ഈ സഭയ്ക്കും ഇതിലെ അംഗങ്ങൾക്കും ഉണ്ടാകുന്ന വികാരത്തെ സംസ്ഥാന മുഖ്യമന്ത്രി മാനിക്കണ്ടേ? അതുകൊണ്ട് എന്റെ അഭ്യർത്ഥന, ആ വിചാർ മന്ഥൻ ശിബിരത്തിലേക്ക് തിരിച്ചു പോകണം. ആ ശിബിരത്തിൽ തീർച്ചയായിട്ടും കോൺഗ്രസ് പാർട്ടി ന്യൂനപക്ഷങ്ങളെ തള്ളിപ്പറയാൻ തീരുമാനിച്ചിട്ടില്ല. ന്യൂനപക്ഷങ്ങളുടെ അവകാശങ്ങളുടെ ഭാഗത്തായിരിക്കും കോൺഗ്രസ് പാർട്ടി, ഗാന്ധിയുടെയും നെഹ്റുവിന്റെയും പാർട്ടി. സാമ്പത്തിക പ്രഖ്യാപനത്തിൽ ആ ശിബിരം

LIBRARY ARCHIVES Kerala Legislative Assembly

പറഞ്ഞു, സാമ്പത്തികമായി ദുഃഖം അനുഭവിക്കുന്ന പാവങ്ങളുടെ ഭാഗത്തായിരിക്കും കോൺഗ്രസ് പാർട്ടി എന്ന്. പ്രവീൺഭായി തൊഗാഡിയമാരുടെ പാർട്ടി, സംഘ പരിവാറിന്റെ പാർട്ടി നടപ്പിലാക്കുവാൻ ശ്രമിക്കുന്ന സാമ്പത്തിക നയങ്ങളെ 'ആന്റി പുവറാ'യി വിമർശിക്കുന്ന ഒരു പാർട്ടിയാണ് കോൺഗ്രസ് പാർട്ടി. ആ പാർട്ടി നയിക്കുന്ന ഗവൺമെന്റ് നടപ്പിലാക്കുവാൻ ശ്രമിക്കുന്ന സാമ്പത്തിക നയങ്ങളിൽ ഒരു കോൺഗ്രസ്സ് അപ്രോച്ച് വേണ്ടേ?

[അദ്ധ്യക്ഷവേദിയിൽ മി. ഡെപ്യൂട്ടി സ്പീക്കർ]

ഇൻഫർമേഷനും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എം. എം. ഹസ്സൻ): സർ, ഇത് പരമ്പരാഗത വ്യവസായ തൊഴിലുകളാണ്. അങ്ങ് പരമ്പരാഗതമായി പറയുന്ന രാഷ്ട്രീയത്തെ ഇതിലേയ്ക്ക് കൊണ്ടു വരരുത്.

Mr. Deputy Speaker: Mr. Binoy, you have allowed only 10 minutes.....

ശ്രീ. ബിനോയ് വിശ്വം : സർ, ഞാൻ രാഷ്ട്രീയം പറഞ്ഞതല്ല. ഞാൻ പറയുന്നത് പരമ്പരാഗത മേഖലയിൽ ജീവിക്കുന്നവരടക്കമുള്ള മനുഷ്യരോട് ഒരു പക്ഷപാതിത്വം വേണമെന്നാണ്. ആ പക്ഷപാതിത്വം കോൺഗ്രസ് പാർട്ടിക്കുണ്ടെന്നാണ് സിംഘ്വി പ്രതിജ്ഞ പറയുന്നത്. ആ സിംഘ്വി പ്രതിജ്ഞയെ നിങ്ങൾ മറക്കാൻ പാടില്ല. ഞാൻ എസ്.ടി.യു. പ്രമേയവും വായിച്ചു. എസ്.ടി.യു. പ്രമേയത്തിൽ പറയുന്നുണ്ട്, ആ പക്ഷപാതിത്വം ഉണ്ടെന്ന്. സമയക്കുറവുകൊണ്ട് വായിക്കുന്നില്ല.

മി. ഡെപ്യൂട്ടി സ്പീക്കർ : അങ്ങ് 11.35-ന് ആരംഭിച്ചു. ഭാഗ്യവശാൽ 11.50 ആകാറായി.

ശ്രീ. ബിനോയ് വിശ്വം : അഞ്ചു മിനിട്ട് കൊണ്ട് നിർത്താം.

മി. ഡെപ്യൂട്ടി സ്പീക്കർ : ഇനി രണ്ടു മൂന്നു പ്രമേയം കൂടിയുണ്ട്.

ശ്രീ. ബിനോയ് വിശ്വം : അതുകൊണ്ട് ഈ പക്ഷപാതിത്വം കാണിച്ചേ മതിയാകൂ. കശുവണ്ടി രംഗത്തുള്ള ആവശ്യങ്ങൾ, അവിടെ തീർച്ചയായിട്ടും പ്രഖ്യാപനങ്ങൾ മാത്രം പോര. അവിടെ നടപടികൾ വേണം. ഇപ്പോഴും തൊഴിലാളികൾ സമര രംഗത്താണ്. അവരുടെ മുദ്രാ വാക്യങ്ങളെല്ലാം ശരിയാണ്. കാഷ്യൂ കോർപ്പറേഷന്റെയും കാപ്പെക്സിന്റെയും ഫാക്ടറികൾ എപ്പോൾ തുറക്കുമെന്ന് ഈ സഭയ്ക്കറിയണം. ആ തീയതി ഇവിടെവച്ച് പറയണം. എല്ലാവരുംകൂടി പറയുന്ന ഒരു വിഷയമാണ്. അതിനകത്ത് ആർക്കും തർക്കമില്ല. എഴുകോൺ നാരായണനെയും കൊടിക്കുന്നിൽ സുരേഷിനെയുമടക്കം ഓർത്തുകൊണ്ട് ഈ സഭയ്ക്ക് എന്ത് പറയാൻ കഴിയും? നിരാഹാരം കിടന്ന ആ കോൺഗ്രസ് എം.പി., ആ കോൺഗ്രസ് എം. എൽ. എ. അവരടക്കമുള്ളവരുടെ വികാരങ്ങളെ മാനിച്ചുകൊണ്ട് കൃത്യമായ ഒരു തീയതി പറയാൻ എന്തുകൊണ്ട് ഈ ഗവൺമെന്റ് വൈമനസ്യം കാണിക്കുന്നു?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. പി. രാജേന്ദ്രൻ : കശുവണ്ടി തൊഴിലാളികളുടെ മേഖലയിൽ പ്രവർത്തിക്കുന്ന ട്രേഡ് യൂണിയൻ സംഘടനകൾ, ഇപ്പോൾ സി.ഐ.ടി.യു., എ.ഐ.ടി.യു.സി., യു.ടി.യു.സി., ഐ.എൻ.ടി.യു.സി. ഇതൊക്കെ സമരം ചെയ്തു. കഴിഞ്ഞ ഒന്നര മാസമായി ഏതാണ്ട് ഒരു അറുന്നൂറോളം ട്രേഡ് യൂണിയൻ പ്രവർത്തകർ സ്ത്രീകൾ ഉൾപ്പെടെയുള്ള തൊഴിലാളി സഖാക്കൾ കൊല്ലം, തിരുവനന്തപുരം ജില്ലകളിലെ വിവിധ ഫാക്ടറികളുടെ പടിക്കൽ നിരാഹാരം കിടന്നുവെന്നും സെക്രട്ടേറിയറ്റിന്റെ പടിക്കൽ പോയി ഒന്നര ദിവസം കൊണ്ട് അവർ നടത്തിയതും തമ്മിൽ ബന്ധപ്പെടുത്തരുത്. കേരളത്തിലെ കശുവണ്ടി ഫാക്ടറികളുമായി ബന്ധപ്പെട്ട് തൊഴിലാളികൾ കൊല്ലത്ത് ഐ.എൻ.ടി.യു.സി.-യിൽപ്പെട്ട തൊഴിലാളി നേതാക്കൻമാരും സമരം നടത്തിയിരുന്നു. ഇത് പരസ്പരം ബന്ധപ്പെടുത്തിക്കൊണ്ടു വേണം പറയാൻ. അല്ലാതെ ഒരുപോലെയല്ല. ഇപ്പോഴും ആ തൊഴിലാളി നേതാക്കൻമാർ അവിടെ നിരാഹാരം കിടക്കുകയാണ്. അതുകൂടി ബന്ധപ്പെടുത്തിക്കൊണ്ടു പറയണം.

ശ്രീ. ബിനോയ് വിശ്വം : ഒരുപോലെയല്ലായെന്ന് എല്ലാവർക്കും അറിയാം. പ്രശ്നം എന്താണെന്നു വച്ചാൽ, ഐ.എൻ.ടി.യു.സി. തൊഴിലാളിക്ക് വിശപ്പ് ഒരുപോലെയാണ്. എസ്.ടി.യു. തൊഴിലാളിക്കും വിശപ്പ് ഒരുപോലെയാണ്. എ.ഐ.ടി.യു.സി. ആയാലും സി.ഐ.ടി.യു. ആയാലും ബി.എം.എസ്. ആയാലും വിശപ്പ് ഒരുപോലെയാണ്. ആ വിശക്കുന്ന തൊഴിലാളികളുടെ വികാരത്തോട് ഈ സഭയ്ക്കുള്ള അപ്രോച്ചാണ് വിഷയം. "കശുവണ്ടി കറയാലെ കൈകൾ കരിന്തിരി കത്തിയവർ" എന്നാണ് ആ സ്ത്രീകളെപ്പറ്റി കവി പറഞ്ഞത്. കൊടും വിശപ്പാണ്. ആ വിശക്കുന്ന സ്ത്രീകളോട്, പാർട്ടിയോ രാഷ്ട്രീയമോ ജാതിയോ മതമോ ഏതുമാകട്ടെ അവർക്ക് കിട്ടിയ തൊഴിലിന്റെ എണ്ണമറിയാമോ? അഞ്ചു കൊല്ലങ്ങൾക്കിടയിൽ പരമാവധി കിട്ടിയ തൊഴിൽ 100 ദിവസം ആണ്. ഒരു കൊല്ലത്തിൽ കിട്ടിയ തൊഴിലിന്റെ എണ്ണമെത്ര? പന്ത്രണ്ട് ദിവസം. അവർ എങ്ങനെ ജീവിക്കും? സർക്കസിലെ ട്രപ്പീസുകാരനെപ്പോലെയാണ് അവർ ജീവിക്കുന്നത്. അതുകൊണ്ട് കശുവണ്ടി മേഖലയിൽ പട്ടിണിക്ക് പരിഹാരം ഉണ്ടാകണം. ആ രംഗത്തുള്ള സ്വകാര്യ ഉടമകളുടെ കൊള്ളകൾക്ക് പരിഹാരം ഉണ്ടാകണം. നിയമങ്ങൾ പാലിക്കപ്പെടണം. അതെല്ലാം ഉറപ്പു വരുത്താൻ വേണ്ടിയുള്ള നിലപാട് സ്വീകരിക്കുവാൻ ഗവൺമെന്റിന് കഴിയേണ്ടതല്ലേ? ഈ ഗവൺമെന്റിന്റെ സാമ്പത്തിക നയങ്ങളിൽ മനുഷ്യവർഗ്ഗത്തോടുള്ള ആഭിമുഖ്യമുണ്ടാകണം. അതുണ്ടാകുവാൻ പ്രയാസമാണ്.

ശ്രീ. പി. ടി. തോമസ്: സർ, ബഹുമാനപ്പെട്ട എന്റെ സ്നേഹിതൻ ശ്രീ. ബിനോയ് വിശ്വം കശുവണ്ടിത്തൊഴിലാളികളുടെ നീറുന്ന പ്രശ്നങ്ങളെ മനോഹരമായി അവതരിപ്പിച്ചു. ഞാൻ അങ്ങയെ അഭിനന്ദിക്കുകയാണ്. എന്റെ ഒരു അഭ്യർത്ഥനകൂടി നടത്തണമെന്ന വിനീതമായ ഒരു അപേക്ഷയാണ് എനിക്കുള്ളത്. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് 100 കോടിയിൽപ്പരം രൂപയുടെ തട്ടിപ്പ് നടത്തിയ കശുവണ്ടി കോർപ്പറേഷന്റെ ആ നടപടിയെപ്പറ്റി അന്വേഷിക്കാൻ കൂടി അങ്ങ് ഈ ഗവൺമെന്റിനെ അധികാരപ്പെടുത്തുമോ?

.....(ബഹളം).....

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ബിനോയ് വിശ്വം: അന്വേഷണങ്ങളെ ആരും ഭയപ്പെടുന്നില്ല. അതുകൊണ്ട് അന്വേഷണം അതിന്റെ വഴിക്ക് നടക്കട്ടെ. പക്ഷേ ഇപ്പോൾ വേണ്ടത് തൊഴിലാണ്, ജീവിതമാണ്. ആ ചോദ്യം വരുമ്പോൾ 'പയർ അഞ്ഞാഴി' എന്നുപറയുന്ന സമീപനം പോരാ. ഇൻഡ്യയിലെ വിദേശ നാണ്യ സമാഹരണത്തിൽ ഒരു വലിയ പങ്ക് കൈത്തറിയുടേതായിട്ടുണ്ട്. ആ കൈത്തറി മേഖലയിൽ സമ്പൂർണ്ണമായ തകർച്ച, ലങ്കാഷെയറിലേയും മാഞ്ചസ്റ്ററിലേയും തുണിക്ക് കമ്പോളമുണ്ടാക്കാൻവേണ്ടി ഡാക്കാമസ്ലിൻ ഉണ്ടാക്കിയിരുന്ന ഇൻഡ്യൻ നെയ്ത്തുകാരന്റെ കൈ വെട്ടിയ ഒരു പാരമ്പര്യമുണ്ട് ബ്രിട്ടീഷ് ഭരണകാലത്ത്. ആ കോളനി പാരമ്പര്യമുണ്ടാകാൻ പാടില്ല. കൈത്തറിയെ തകർക്കാൻ പാടില്ല. കൈത്തറി ജീവിതമാണ്. കൈത്തറി സൗന്ദര്യമാണ്. കൈത്തറിയുമായി ബന്ധപ്പെട്ട ഒരു സാമ്പത്തിക അടിത്തറയുണ്ട്. അതിനെയെല്ലാം മാനിച്ചുകൊണ്ട് ആ പരമ്പരാഗത മേഖലയെ രക്ഷിക്കാൻവേണ്ടിയുള്ള യു.ഡി.എഫ്.-ന്റെ മാനിഫെസ്റ്റോയിൽ പറയുന്നതുപോലെ ഒരു പുനരുദ്ധാരണ പദ്ധതി കൈക്കൊള്ളാൻ ഗവൺമെന്റ് ഒരുങ്ങുമോ; ഗവൺമെന്റ് ഒരുങ്ങിയേ മതിയാകൂ. ചെത്ത് മേഖല, ഈറ്റ-മുള മേഖല, മത്സ്യമേഖല, ഓട് മേഖല, ബീഡി മേഖല ഇങ്ങനെ പറഞ്ഞാൽ ഈ പരമ്പര വലുതാണ്. ഈ രംഗത്തെല്ലാമുള്ള മനുഷ്യർക്ക് അനുകൂലമായിട്ടുള്ള ഒരു നയം വേണം. ഒരു വാക്കുകൂടി ഞാൻ പറയട്ടെ, നമുക്ക് എല്ലാവർക്കും ആദരണീയനായിട്ടുള്ള ശ്രീ. കെ. ആർ. നാരായണൻ എൽ. പി. ജി.-യുടെ മുന്നുവരി പാഠകളെപ്പറ്റി ഒരിക്കൽ പറഞ്ഞു. അദ്ദേഹം പറഞ്ഞു: ലിബറലൈസേഷന്റെയും പ്രൈവറ്റൈസേഷന്റേയും ഗ്ലോബലൈസേഷന്റെയും മുന്നുവരിപ്പാതയിൽക്കൂടി ഒരു ചെറിയ വിഭാഗം മനുഷ്യരുടെ ജീവിതം തീവ്രവേഗതയിൽ പാഞ്ഞുപോകുമ്പോൾ മഹാഭൂരിപക്ഷം ജനങ്ങൾ ഈ പാതകളുടെ മറുഭാഗത്ത് ഈ പാതയെ മുറിച്ചുകടക്കാൻ വഴി കാണാതെ നിൽക്കുന്നുവെന്ന്. ഈ തൊഴിലാളികൾ അവരിൽ പെടുന്നു. ആ ഭൂരിപക്ഷത്തിന്റെ വികാരത്തെ, അവരുടെ കണ്ണീരിനെ, അവരുടെ വിശപ്പിനെ മാനിച്ചുകൊണ്ട് ഈ പ്രമേയം സഭ ഐകകണ്ഠ്യേന പാസ്സാക്കാൻ അഭ്യർത്ഥിച്ചുകൊണ്ട് ഞാൻ ഈ പ്രമേയം നിങ്ങൾക്കു മുമ്പാകെ അവതരിപ്പിക്കുന്നു.

ശ്രീ. എൻ. രാജൻ: സർ, എന്റെ സുഹൃത്ത് ശ്രീ. ബിനോയ് വിശ്വം ഇവിടെ അവതരിപ്പിച്ച പ്രമേയത്തെ ഞാൻ പിന്താങ്ങുകയാണ്. കേരളത്തിലെ നാല്പത്തിയഞ്ച്, അൻപത് ലക്ഷത്തോളം വരുന്ന പരമ്പരാഗത തൊഴിലാളികൾ കശുവണ്ടി, കൈത്തറി, ബീഡി, ബാംബൂ, ഓട്, തോട്ടം തൊഴിൽ മേഖലകളിൽ പണിയെടുക്കുന്ന 50 ലക്ഷത്തോളം വരുന്ന തൊഴിലാളികൾ, തീർച്ചയായും 50 ലക്ഷത്തോളം വരുന്ന തൊഴിലാളികളെ കണക്കാക്കുമ്പോൾ അവരുടെ കുടുംബത്തിലെ അംഗങ്ങളെക്കൂടി കണക്കാക്കുമ്പോൾ ഏതാണ്ട് ഒന്നരക്കോടിയിലേറെ വരുന്ന ജനങ്ങൾ, കേരളത്തിലെ ജനസംഖ്യയുടെ പകുതിയിലേറെ വരുന്ന തൊഴിലാളികൾ അവർ അനുഭവിക്കുന്ന പ്രയാസങ്ങൾ, ബുദ്ധിമുട്ടുകൾ, പട്ടിണി ഇതെല്ലാം കഴിഞ്ഞ പ്രമേയത്തിലൂടെയും ഇപ്പോൾ അവതരിപ്പിച്ചുകൊണ്ടിരിക്കുന്ന പ്രമേയത്തിലൂടെയുമൊക്കെ നമ്മൾ മനസ്സിലാക്കിയതാണ്.

LIBRARY ARCHIVES Kerala Legislative Assembly

ഇവിടെ എന്റെ സുഹൃത്ത് സൂചിപ്പിച്ചു കശുവണ്ടി വ്യവസായത്തെ സംബന്ധിച്ച്. രാവിലത്തെ ചോദ്യോത്തരവേളയിലും ആ വിഷയം വന്നതാണ്. കേരളത്തിലെ പൊതുമേഖലാ സ്ഥാപനങ്ങളുമായി പ്രവർത്തിക്കുന്ന കശുവണ്ടി വികസന കോർപ്പറേഷന്റെ ഫാക്ടറികളും സൊസൈറ്റിയായി നടപ്പിലാക്കുന്ന കാപ്പക്സ് ഫാക്ടറികളും കഴിഞ്ഞ രണ്ട് വർഷമായി പൂട്ടിക്കിടക്കുകയാണ്. എന്നാൽ മറുഭാഗത്ത് യാതൊരു നിയമവിധേയമായ ലൈസൻസുകളും കൂടാതെ തന്നെ ഏതാണ്ട് പത്തഞ്ഞൂറോളം വരുന്ന സ്വകാര്യ മുതലാളിമാർ നടത്തുന്ന സ്വകാര്യ ഫാക്ടറികളിൽ രണ്ടര ലക്ഷത്തോളം വരുന്ന തൊഴിലാളികൾ പണിയെടുക്കുന്നു. അവർക്ക് നീതി അല്ലെങ്കിൽ നിയമം നിഷേധിക്കപ്പെട്ടുകൊണ്ടിരിക്കുകയാണ്. അവരെ സഹായിക്കുന്നതിനുവേണ്ടി, ഏതാണ്ട് രണ്ടര, മൂന്ന് ലക്ഷത്തോളം വരുന്ന തൊഴിലാളികൾ ഒന്നര മാസമായി സത്യാഗ്രഹ സമരത്തിലാണ്. അത് ഈ സമയിൽ പല പ്രാവശ്യം ചർച്ച ചെയ്യപ്പെട്ടതാണ്. അത് എന്ന് തുറക്കുമെന്ന് ഈ സർക്കാരിന് പറയാൻ ഇപ്പോഴും കഴിയുന്നില്ല. അതുപോലെ നാല്പത്തിയഞ്ച്, അമ്പത് ലക്ഷത്തോളം വരുന്ന തൊഴിലാളികൾക്കുവേണ്ടി, അവരുടെ സാമൂഹ്യ സുരക്ഷാ പദ്ധതിക്കുവേണ്ടി നിരവധി ക്ഷേമപദ്ധതികൾ, ക്ഷേമനിധി ബോർഡുകൾ നിലവിലുണ്ട്. അതിന്റെ പ്രവർത്തനങ്ങളൊന്നും കാര്യക്ഷമമായി പോകുന്നില്ല.

ശ്രീ. കെ.വി.കുഞ്ഞിരാമൻ: സർ, കശുവണ്ടി തൊഴിലാളികളുടെ പ്രശ്നങ്ങളെ സംബന്ധിച്ച് ശ്രീ. രാജൻ വളരെ വിശദമായി സംസാരിക്കുകയുണ്ടായല്ലോ? കഴിഞ്ഞ ദിവസം ശ്രീ. എഴുകോൺ നാരായണൻ ഇടതുപക്ഷ മുന്നണിയുടെ കാലത്ത് ശരാശരി 147 ദിവസം തൊഴിൽ കൊടുത്ത സ്ഥാനത്ത് ഈ രണ്ട് വർഷം കൊണ്ട് ഒരൊറ്റ ആളിനും തൊഴിൽ കൊടുക്കാതെ ആളുകൾ പട്ടിണിയിലാണ്. ഇത് മാറ്റിയില്ലായെങ്കിൽ ഞാൻ നിരാഹാര സമരം നടത്തും അല്ലെങ്കിൽ ഇവിടെ കുത്തിയിരിക്കുമെന്ന് പറഞ്ഞിട്ട് ആ സത്യാഗ്രഹ പ്രഹസനം കൊടിക്കുന്നിൽ സുരേഷ് എം.പി.-യും അതുപോലെ എഴുകോൺ നാരായണനും സെക്രട്ടേറിയറ്റിനുമുമ്പിൽ നടത്തുകയുണ്ടായി. അപ്പോൾ ഇത് കശുവണ്ടി തൊഴിലാളികൾക്കുവേണ്ടി ഒഴുക്കിയ മുതലക്കണ്ണീർ മാത്രമാണ്.

ശ്രീ. എൻ.രാജൻ: കഴിഞ്ഞ യു.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് വർഷത്തിൽ 12 ദിവസമാണ് പണി കൊടുത്തത് എങ്കിൽ കഴിഞ്ഞ എൽ.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത്, ശ്രീ. എഴുകോൺ നാരായണന് തെറ്റുപറ്റിയതാണ്, 200 മുതൽ 220 ദിവസം വരെ പണികൊടുക്കാൻ ഇടതുപക്ഷ സർക്കാരിന് കഴിഞ്ഞു. മറിച്ച് ഈ രണ്ട് വർഷംകൊണ്ട് അതിന് കഴിഞ്ഞിട്ടില്ല.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: സെക്രട്ടേറിയറ്റിനുമുമ്പിൽ ഒരു സമരവും പാടില്ല എന്നുപറയുന്ന മുഖ്യമന്ത്രി എ.കെ.ആന്റണിയുടെ സ്വന്തം അനുയായികളാണ് സെക്രട്ടേറിയറ്റിന്റെ നടയിൽ പന്തൽ കെട്ടി സത്യാഗ്രഹം നടത്തുന്നതെന്ന് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എൻ.രാജൻ: 18-ാം തീയതി കശുവണ്ടി സമരവുമായി ബന്ധപ്പെട്ട് ചർച്ച നടത്താനിരിക്കേ 17-ാം തീയതി ഉച്ചയ്ക്ക് ആണ് ആ സമരം നടത്തിയതു തന്നെ. അത് നിരാഹാര സമരമാണ്. നമ്മൾ അത് കണക്കിലെടുക്കുന്നില്ല. എന്തായാലും ഞാൻ ആ കാര്യങ്ങളിലേക്ക് പോകുന്നില്ല. കശുവണ്ടിയും കൈത്തറിയും കയറും.....

ശ്രീ. രാജു എബ്രഹാം: ഇവിടെ നിരാഹാര സത്യാഗ്രഹ പ്രഹസനം നടത്തിയിട്ട് ഈ എം.പി. മടങ്ങി നാട്ടിൽ ചെന്നപ്പോൾ അവിടെ കശുവണ്ടിത്തൊഴിലാളികൾ കൂവി എം. സി. റോഡിലൂടെ ഓടിച്ച വിവരം അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. എൻ. രാജൻ: എം. പി.-ക്ക് മാത്രമല്ല, നമ്മുടെ തൊഴിൽ വകുപ്പുമന്ത്രിക്ക് കൊല്ലം ജില്ലയിലേക്ക് കടന്നുചെല്ലാൻപോലും കഴിയുന്നില്ല എന്നാണ് ഞാൻ മനസ്സിലാക്കുന്നത്. നമ്മൾ ഐ.ടി., ബി.ടി.-യൊക്കെ കടന്നുപോകുമ്പോൾ ഈ പരമ്പരാഗത മേഖലയെ മറക്കരുത്. അതുകൊണ്ടുതന്നെയാണ് ഈ പ്രമേയത്തെ ഈ സഭ ഐകകണ്ഠ്യേന പാസ്സാക്കണമെന്ന് ഞാൻ ആവശ്യപ്പെടുന്നത്.

ശ്രീ. ടി. യു. രാധാകൃഷ്ണൻ: സർ, ശ്രീ. ബിനോയ് വിശ്വം സഭയുടെ മുമ്പാകെ അവതരിപ്പിച്ച പ്രമേയത്തിൽ കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ തെറ്റായ നയങ്ങളുടേയും ആഗോളവൽക്കരണ നയങ്ങൾ നടപ്പിലാക്കുന്നതിന്റേയും ഫലമായി സംസ്ഥാനത്തെ പരമ്പരാഗത വ്യവസായങ്ങൾ ഗുരുതരമായ പ്രതിസന്ധിയിലാണ്; അതാണ് ആദ്യത്തെ വാചകം. ഇതിന്റെ അന്തഃസത്തയിൽ പരമ്പരാഗത വ്യവസായ മേഖലയിൽ അനുഭവിച്ചുകൊണ്ടിരിക്കുന്ന ബുദ്ധിമുട്ടുകളെ കുറിച്ചുള്ള കാര്യങ്ങളിൽ ഇപ്പുറത്തിരിക്കുന്നവർക്കും അഭിപ്രായവ്യത്യാസമില്ല. പക്ഷേ, ഈ പ്രമേയം രാഷ്ട്രീയ പ്രേരിതമായി സംസ്ഥാന സർക്കാരിനെ കുറ്റപ്പെടുത്തിക്കൊണ്ടാണ് ശ്രീ. ബിനോയ് വിശ്വം സംസാരിച്ചത് എന്നുള്ളതുകൊണ്ട് ഈ പ്രമേയത്തോട് യോജിക്കാൻ എനിക്ക് വ്യക്തിപരമായ ബുദ്ധിമുട്ടുണ്ട്. കേരളത്തിൽ നൂറുപേരുടെ അംഗസംഖ്യയുള്ള ഒരു ഗവൺമെന്റുണ്ടാക്കാൻ കേരളത്തിലെ ജനങ്ങൾ ഞങ്ങൾക്ക് അവകാശം തന്നതുതന്നെ 1996 മുതൽ 2001 വരെയും കേരളം ഭരിച്ച ഇടതുപക്ഷ ജനാധിപത്യമുന്നണിക്ക് പരമ്പരാഗത വ്യവസായ മേഖലയെ സംരക്ഷിക്കാൻ കഴിഞ്ഞില്ലായെന്നു മാത്രമല്ല, ആ മേഖലയെ തകർത്ത് തരിപ്പണമാക്കുന്ന നയത്തിലൂടെ മുമ്പോട്ട് പോയതുകൊണ്ടാണ് ഈ വ്യവസായ മേഖല ഉൾപ്പെടുന്ന കേരളനാടിന്റെ മക്കൾ 100 എം.എൽ.എ.-മാരെ കൊടുത്തുകൊണ്ട് ഈ ഗവൺമെന്റിനെ അധികാരത്തിലേറ്റിയത്. അവരോടുള്ള വാഗ്ദാനം നിറവേറ്റുന്നതിനുവേണ്ടി ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം 500 കോടി ഉറുപ്പിക മുതൽ മുടക്കാനുള്ള ഒരു കർമ്മ പദ്ധതിക്ക് ഈ ഗവൺമെന്റ് പദ്ധതി തയ്യാറാക്കിക്കഴിഞ്ഞു. ഈ മേഖലയെ മുഴുവൻ പുനരുദ്ധരിക്കുന്നതിനുവേണ്ടി 50 കോടി രൂപ ഈ ബഡ്ജറ്റിൽ നീക്കിവച്ച ഈ സർക്കാർ ഈ മേഖലയെ സംരക്ഷിക്കാൻ ഏറ്റവും കടപ്പാടും കർത്തവ്യവുമുള്ള ഒരു ഗവൺമെന്റായി പ്രവർത്തിക്കുന്നു എന്നുള്ളതു തന്നെ ഈ മേഖലയോടുള്ള ഈ ഗവൺമെന്റിന്റെ കടപ്പാട്

വ്യക്തമാകും. ഇവിടെ ആഗോളവൽക്കരണത്തെ പൂർണ്ണമായി ആരും പിൻതുണയ്ക്കുമെന്ന് വിശ്വസിക്കുന്നില്ല. ഇവിടെ ശ്രീ. നരസിംഹറാവു പ്രധാനമന്ത്രി ആയിരിക്കുമ്പോൾ അന്ന് ഇൻഡ്യയിൽ ഉദാരവൽക്കരണ സമീപനം ആദ്യം ഇൻഡ്യയിൽ നടപ്പിലാക്കുന്നതിനെക്കുറിച്ച് കോൺഗ്രസ് ചിന്തിക്കുകയും, നടപ്പാക്കുന്നതിനു വേണ്ടിയുള്ള നയപരമായ സമീപനം എടുക്കുകയും ചെയ്തത് ശരിയാണ്. അതിനുശേഷം അധികാരത്തിൽ വന്ന ബി.ജെ.പി.- യുടെ ഗവൺമെന്റ് നടപ്പാക്കി വരുന്ന ഉദാരവൽക്കരണ നയമാണെന്ന് ഞങ്ങൾ അംഗീകരിക്കുന്നത്. അവർ ഇപ്പോൾ നടപ്പാക്കി വരുന്നത് പ്രൈവറ്റൈസേഷൻ നയമാണ്. ഉദാരവൽക്കരണവും, പ്രൈവറ്റൈസേഷനും രണ്ടും രണ്ടായി കാണണമെന്നുള്ളതാണ് എന്നെപ്പോലുള്ളവരുടെ കാഴ്ചപ്പാട്. കേരളത്തിലും ഇൻഡ്യയിലും ഉള്ള പൊതുമേഖലാ സ്ഥാപനങ്ങൾ നമ്മുടെ ഷെയർ മാർക്കറ്റിൽ വിറ്റ് കച്ചവടം നടത്തി, നമ്മുടെ പ്രൈവറ്റ് മുതലാളിമാർക്ക് തീറെഴുതി കൊടുക്കുന്ന ബി.ജെ.പി.-യുടെ സമീപനത്തോട് ഞങ്ങൾക്ക് യോജിക്കാൻ കഴിയില്ല.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: ഉദാരവൽക്കരണവും സ്വകാര്യവൽക്കരണവും തമ്മിലുള്ള വ്യത്യാസം മാർജ്ജാരനും പൂച്ചയും തമ്മിലുള്ള വ്യത്യാസമാണെന്ന് അറിയാമോ?

ശ്രീ. ടി. യു. രാധാകൃഷ്ണൻ: മാർജ്ജാരനും പൂച്ചയും തമ്മിലുള്ള വ്യത്യാസമായി ശ്രീ. കോടിയേരി ബാലകൃഷ്ണന് തോന്നുന്നുണ്ടാകാം. പക്ഷെ ഞങ്ങളുടെ കാഴ്ചപ്പാട് അങ്ങനെയല്ല. കാരണം പ്രൈവറ്റൈസേഷനേയും ഉദാരവൽക്കരണത്തേയും രണ്ടായി തന്നെ കാണണമെന്നുള്ള കാഴ്ചപ്പാടാണ് കോൺഗ്രസിന്. ആ നിലപാടിൽ തന്നെ ഉറച്ചു നിന്നുകൊണ്ട് ഞങ്ങൾ മുന്നോട്ടു പോകുകയാണ്. ഇൻഡ്യാ രാജ്യത്തിനുള്ള, ലോകത്തിനു തന്നെ മാതൃകയായി ഈ സാമ്പത്തിക ശാസ്ത്രം ലോകത്ത് വിഭാവന ചെയ്ത് നടപ്പാക്കാൻ ശ്രമിച്ചത് ഇൻഡ്യൻ നാഷണൽ കോൺഗ്രസ് ആണ്. ജവഹർലാൽ നെഹ്റുവിന്റെ സാമ്പത്തിക ശാസ്ത്രം ഇന്ന് ഇൻഡ്യക്കപ്പുറത്ത് ചൈന പോലും അംഗീകരിച്ചിട്ടുണ്ട്. ഇവിടെ വിദേശ മുതൽ കൂടി സഹായകരമാകുന്ന നിലപാടിലേക്ക് സാമ്പത്തിക നയത്തെ ഉൾക്കൊള്ളാൻ ചൈന പോലും തയ്യാറാകുന്ന രാഷ്ട്രീയ സ്ഥിതിവിശേഷം വരട്ടെ. വരുന്നു എന്ന യാഥാർത്ഥ്യം നമ്മൾ ഉൾക്കൊള്ളണം. പക്ഷെ ഇവിടുത്തെ കമ്മ്യൂണിസ്റ്റുകാർക്ക് ഇത് ഉൾക്കൊള്ളാൻ കഴിയില്ല എന്നു നമുക്കറിയാം. ഇവിടെ പരമ്പരാഗത വ്യവസായത്തെക്കുറിച്ച് വാതോരാതെ സംസാരിക്കുന്ന ആളുകൾ 5 വർഷം കേരളം ഭരിച്ചപ്പോൾ ഈ മേഖലയെ സംരക്ഷിക്കാൻ വേണ്ടി എന്തു ചെയ്തു. ഇവിടെ ബഹുമാനപ്പെട്ട ബിനോയ് വിശ്വം തൊഴിലാളികളുടെ കണ്ണീരിന്റെ, ദുഃഖത്തിന്റെ നെടുവീർപ്പുകൾ ഇടിച്ചപ്പോൾ പോലും ഞങ്ങളുടെ ഗവൺമെന്റിന്റെ കാലത്ത് ഞങ്ങൾ ഇന്ന ഇന്ന പ്രശ്നങ്ങൾ അടിവരയിട്ട് പരമ്പരാഗത വ്യവസായ മേഖലയെ സംരക്ഷിക്കാൻ പറഞ്ഞു എന്നൊരു ഗൗരവം സൂചിപ്പിക്കുന്നതായി ഞാൻ കണ്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ടി. വി. ചന്ദ്രമോഹൻ: സംസ്ഥാനത്തിന്റെ പല ഭാഗങ്ങളിലും ഇപ്പോൾ തൊഴിലാളികൾ അനുഭവിച്ചുകൊണ്ടിരിക്കുന്ന പ്രശ്നങ്ങൾ മനസ്സിലാക്കാൻ സംയോജിത സമര സമിതികൾ രൂപീകരിച്ചു. തൃശ്ശൂർ സീതാറാം മിൽ ഉൾപ്പെടെയുള്ള സ്ഥലങ്ങളിൽ തൊഴിലാളികൾ യോജിച്ച് പ്രവർത്തിക്കുകയും, രാഷ്ട്രീയം മാറ്റി വച്ചുകൊണ്ട് ഒരുമിച്ച് നിൽക്കുകയും ചെയ്തതുകൊണ്ട് പല പ്രശ്നങ്ങളും പരിഹരിക്കാൻ സാധിച്ചിട്ടുണ്ട്. ഈ സന്ദർഭത്തിൽ അതിൽ രാഷ്ട്രീയം കലർത്തിക്കൊണ്ടുള്ള ബിനോയ് വിശ്വത്തെ പോലുള്ള ട്രേഡ് യൂണിയൻ നേതാക്കളുടെ പ്രസംഗം ഈ ഐക്യത്തെ ബാധിക്കും എന്ന് അങ്ങ് കരുതുന്നുണ്ടോ?

ശ്രീ. ടി. യു. രാധാകൃഷ്ണൻ: കേരളത്തിലെ തൊഴിൽ മേഖലയിൽ ആയാലും വ്യവസായ മേഖലയിൽ ആയാലും ഐ.എൻ.ടി.യു.സി. എല്ലാ പ്രസ്ഥാനങ്ങളേയും പ്രശ്ന പരിഹാരത്തിനുവേണ്ടി തൊഴിലാളികളെ യോജിപ്പിച്ചു നിർത്താൻ കഴിയുമ്പോൾ, ഇതിന്റെ വ്യത്യസ്തമായ നിലപാട് സ്വീകരിച്ച് ഇതിന്റെ മുന്നേറ്റത്തെ എന്നും തകർത്തിട്ടുള്ളത് അപ്പുറത്തു നിൽക്കുന്ന ഇടതുപക്ഷ പ്രസ്ഥാനങ്ങളാണെന്നുള്ള കാര്യം കേരളത്തിന്റെ ചരിത്രം അറിയാവുന്ന എല്ലാവർക്കും അറിയാവുന്ന വസ്തുതയാണ്.

ശ്രീ. സാജു പോൾ: ഇവിടെ ബഹുമാനപ്പെട്ട അംഗം സംസാരിച്ചപ്പോൾ നെഹ്റുവിന്റെ പല സിദ്ധാന്തങ്ങൾ ചൈന സ്വീകരിച്ചു എന്നു പറഞ്ഞു. നെഹ്റുവിന്റെയും, ഗാന്ധിജിയുടേയും പിൻമുറക്കാരായ ഇൻഡ്യൻ നാഷണൽ കോൺഗ്രസ് ചൈന അംഗീകരിക്കുന്ന കമ്മ്യൂണിസത്തിന്റെ എന്തെങ്കിലും അംശങ്ങൾ ഉൾക്കൊള്ളാൻ ആഗ്രഹിക്കുന്നുണ്ട്. അതുപോലെ ആഗോളവൽക്കരണത്തെ ഏറ്റവും ശക്തമായി എതിർത്തുകൊണ്ട് ഏറ്റവും ഒടുവിൽ കലാകൗമുദിയിൽ എഴുതിയിട്ടുണ്ട്. വയലാർ രവിയെ രാജ്യസഭയിലേക്ക് അയയ്ക്കാതിരിക്കാൻ ശ്രമിച്ചതിൽ എന്തെങ്കിലും കുറ്റബോധം ഉണ്ടോ?

ശ്രീ. ടി.യു. രാധാകൃഷ്ണൻ: ചൈന ഇപ്പോൾ കമ്മ്യൂണിസത്തിൽ നിന്ന് പുറകിൽ പോയി എന്ന് അങ്ങ് അറിഞ്ഞിട്ടുണ്ടാവില്ല. അവിടുത്തെ മുതലാളിത്ത കമ്മ്യൂണിസ്റ്റ് വ്യവസ്ഥയ്ക്ക്, അവിടുത്തെ ജനങ്ങളെ അറിയാതെ നടത്തി ഉണ്ടാക്കുന്ന അവസ്ഥ, നേതൃത്വം ഏറ്റെടുത്തിരിക്കുകയാണ്. കഴിഞ്ഞ പാർട്ടി കോൺഗ്രസ് മുതലാളിമാർക്ക് പാർട്ടി മെമ്പർഷിപ്പ് കൊടുക്കാൻ പ്രമേയം പാസാക്കി അംഗീകരിച്ചിരിക്കുകയാണ്. അവിടെ ഒരു കോർപ്പറേറ്റ് കമ്മ്യൂണിസത്തിന്റെ രാഷ്ട്രീയ സമീപനം ഉണ്ടായിക്കൊണ്ടിരിക്കുകയാണ്. ഇവിടെനിന്ന് സാജു പോൾ സംസാരിച്ചാൽ വല്ല കാര്യവും ഉണ്ടോ? ചൈന ജവഹർലാൽ നെഹ്റുവിന്റെ സാമ്പത്തിക വീക്ഷണം ഉൾക്കൊള്ളുന്നതുപോലെ ശ്രീ. കോടിയേരി ബാലകൃഷ്ണൻ ഉൾപ്പെടെയുള്ള ആളുകൾ ചൈനയിൽ പോയി അവിടെ നടക്കുന്ന പുതിയ സാമ്പത്തിക പരിഷ്കാരങ്ങളെക്കുറിച്ച്, വ്യവസായവൽക്കരണത്തെക്കുറിച്ച് പഠിക്കുകയും അത് മനസ്സിലാക്കുകയും ചെയ്യണം. നമുക്ക് ചൈനയുടെ പല രീതികളും ഉൾക്കൊള്ളാനും,

അവിടുത്തെ കമ്മ്യൂണിസത്തിൽ നിന്ന് മാറ്റം വന്നുകൊണ്ടുള്ള ചൈനയുടെ പുതിയ സമീപനത്തെ ഉൾക്കൊണ്ടുകൊണ്ട് ഇൻഡ്യയിലും കേരളത്തിലും പുതിയ വ്യവസായ സമീപനം ഉണ്ടാക്കി പോകണമെന്ന് സംയുക്തമായി പറഞ്ഞില്ലേ. ചൈന നല്ലതു ചെയ്താൽ അത് ഇൻഡ്യ ഉൾക്കൊള്ളണമെന്ന കാര്യത്തിൽ കേരളത്തിൽ എതിർപ്പുണ്ടോ? എതിർപ്പില്ല.

ശ്രീ. കെ. വി. കുഞ്ഞിരാമൻ: ജവഹർലാൽ നെഹ്റുവിന്റെ സാമ്പത്തിക നയങ്ങളാണ് ഇൻഡ്യയെ ഈ മഹത്തായ നിലയിലേക്ക് വിട്ടത് എന്ന് അങ്ങ് പറഞ്ഞു. അദ്ദേഹം ജീവിച്ചിരിക്കെ തന്നെ അദ്ദേഹം ഈ അവസ്ഥയെ വിലയിരുത്തിക്കൊണ്ട് എഴുതിയ പ്രസിദ്ധമായ വാചകമുണ്ട്. ഇന്ന് ഇൻഡ്യയിൽ ദരിദ്രൻ കൂടുതൽ ദരിദ്രനായി കൊണ്ടിരിക്കുന്നു. എന്റെ നാട്ടിലെ സമ്പന്നൻ കൂടുതൽ സമ്പന്നനായിക്കൊണ്ടിരിക്കുന്നു എന്നുള്ളതുമാണ്. അദ്ദേഹത്തിന്റെ സാമ്പത്തിക നയങ്ങളിലെ പാളിച്ചകളെ ഉള്ളുതുറന്ന് സ്വയം വിമർശനാത്മകമായി പരിശോധിക്കുകയാണ്. ആ ഒരു മനോഭാവമെങ്കിലും പുതിയ സാഹചര്യത്തിൽ ബി.ജെ.പി.-യോട് എടുക്കുന്ന നിലപാടിൽ അങ്ങയുടെ പാർട്ടിക്ക് സ്വീകരിച്ചുകൂടെ?

ശ്രീ. ടി. പി. രാമകൃഷ്ണൻ: അങ്ങ് ഇവിടെ ഈ പല പരിഷ്കാര നടപടികളെക്കുറിച്ചും പറയുമ്പോൾ ചൈനയെ മാതൃകയാക്കി എടുക്കണമെന്നുള്ള രീതിയിലുള്ള ഒരു മനോഭാവത്തിലേക്ക് വരികയാണ്. ചൈനയെ അംഗീകരിക്കണം, അനുസരിക്കണം. കമ്മ്യൂണിസ്റ്റ് പാർട്ടി ഭരിക്കുന്ന രാജ്യമാണ് ചൈന. ആ ചൈനയെ അംഗീകരിക്കുന്ന മനോഭാവത്തിലേക്ക് വന്ന മാറ്റം സ്വാഗതാർഹമാണ്. അങ്ങയുടെ ശ്രദ്ധയിൽപ്പെടുത്തുന്ന മറ്റൊരു കാര്യം ഇൻഡ്യയുടെ പ്രധാനമന്ത്രി ആയിരുന്ന ജവഹർലാൽ നെഹ്റു ഇവിടെ നടപ്പാക്കിയിട്ടുള്ള നയങ്ങളോട് എതിർപ്പും വിയോജിപ്പും ഉള്ള ആളുകളാണ് ഞങ്ങൾ, പ്രശ്നങ്ങളുടെ അടിസ്ഥാനത്തിൽ. അതേസമയം ജവഹർലാൽ നെഹ്റു തുടങ്ങിവച്ച പല നടപടികളും പ്രാവർത്തികമാക്കാൻ വേണ്ടി ശ്രമിച്ചത് പ്രത്യേകിച്ച് മാറ്റം വരുത്തി ഇവിടെ പ്രാവർത്തികമാക്കാൻ ഇറക്കുമതി, ഉദാരവൽക്കരണം, സ്വകാര്യവൽക്കരണം തുടങ്ങിയ നടപടികളിൽ മാറ്റം വരുത്തിക്കൊണ്ടുള്ള നിലപാട് സ്വീകരിച്ചത് 1991-ൽ ശ്രീ. നരസിംഹറാവുവിന്റെ നേതൃത്വത്തിലുള്ള ഗവൺമെന്റാണ്. തികച്ചും വ്യതിയാനത്തോടുകൂടിയ ആ നിലപാടിനോട് അങ്ങയുടെ സമീപനം എന്താണ്?

ശ്രീ. കെ. പി. രാജേന്ദ്രൻ: ശ്രീ. ടി.യു. രാധാകൃഷ്ണൻ ഇന്ന് ഇവിടെ ഒരു സബ്മിഷൻ അവതരിപ്പിച്ചു, ജന്മം കൊണ്ട് പരമ്പരാഗത തൊഴിലാളികളായി ജീവിച്ചുകൊണ്ടിരിക്കുന്ന തൊഴിലാളികളുടെ പഠനത്തെ സംബന്ധിച്ച് അത്തരം വിഭാഗത്തിൽ ഉൾപ്പെടുന്ന കേരളത്തിലെ പരമ്പരാഗത തൊഴിലാളികളെ സംരക്ഷിക്കാനുള്ള ഒരു പ്രമേയമാണ് ശ്രീ. ബിനോയ് വിശ്വം ഇവിടെ കൊണ്ടു വന്നത്. അതിൽ നിന്നുകൊണ്ട് കേരളത്തിലെ വ്യവസായ മേഖലയെ സംരക്ഷിക്കാൻ, സംരക്ഷിക്കാനുള്ള, അതിനാവശ്യമായിട്ട് ഗവൺമെന്റിനോടുള്ള സബ്മിഷനാണ്. അത്തരം കാര്യങ്ങൾ വിസ്മരിച്ചുകൊണ്ട് ഒന്നും പറയാനില്ലാത്തതു കൊണ്ടുമല്ലേ ഇങ്ങനെ പറഞ്ഞത്?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ടി.യു. രാധാകൃഷ്ണൻ: എന്റെ സുഹൃത്ത് ശ്രീ. കെ.പി. രാജേന്ദ്രൻ പറഞ്ഞതുപോലെ കേരളത്തിലെ, ഇൻഡ്യയിലെ പരമ്പരാഗത തൊഴിലെടുക്കുന്ന വിശ്വകർമ്മ സമുദായത്തിലുമുൾപ്പെടെയുള്ള ജനവിഭാഗത്തിനെ സംരക്ഷിക്കണമെന്നുള്ള കാര്യത്തിൽ എനിക്ക് അഭിപ്രായ വ്യത്യാസം ഇല്ല. പക്ഷെ കേരളം രൂപീകൃതമായി ജനാധിപത്യത്തിൽ കൂടി ഗവൺമെന്റ് അധികാരത്തിൽ വന്നു. ഒരുപാട് ഗവൺമെന്റുകൾ മാറി വന്നു. ശ്രീ. കെ. പി. രാജേന്ദ്രന്റെ പാർട്ടി ഭരിച്ചു, സി.പി.എം. ഭരിച്ചു എല്ലാവരും ഭരിച്ചു. പക്ഷേ ഈ പറഞ്ഞവരെല്ലാം കേരളത്തിലെ പരമ്പരാഗത തൊഴിലെടുത്തു ജീവിക്കുന്ന വിശ്വകർമ്മരുടെ വോട്ട് വാങ്ങാനല്ലാതെ ഒരിക്കൽ പോലും അവന്റെ കാര്യം സംരക്ഷിക്കാൻ ഈ ഗവൺമെന്റിന് കഴിഞ്ഞിട്ടില്ല. അപ്പുറത്തിരിക്കുന്നവർക്കാർക്കും കഴിഞ്ഞിട്ടില്ല. അതിന് ആദ്യമായി കേരളത്തിലെ യു.ഡി.എഫ്.-ന്റെ മാനിഫെസ്റ്റോയിൽ, ആദ്യമായി കേരളത്തിലെ വിശ്വകർമ്മയെപ്പറ്റി ഒരു വാക്ക് ഉച്ചരിക്കുവാൻ തയ്യാറായത് യു.ഡി.എഫ്.-ന്റെ ഗവൺമെന്റ് മാത്രമാണ്.

ആരോഗ്യ വകുപ്പുമന്ത്രി (ശ്രീ. പി. ശങ്കരൻ): നേരത്തെ ഇവിടെ ചൈനയെക്കുറിച്ചു പറഞ്ഞു. ചൈനയുടെ നേതാവ് ശ്രീ. ചിയാൻ കൈശക്കിന്റെ ഭാര്യ മിസിസ് ചിയാൻ കൈശക്ക്, അവർ ജവഹർലാൽ നെഹ്റു സ്വീകരിച്ച സാമ്പത്തിക നയങ്ങൾ ലോകം സ്വീകരിക്കുകയാണെങ്കിൽ ലോകത്തിന്റെ ഒരു പുതിയ സാമ്പത്തിക ക്രമം നടപ്പിൽ വരുത്താൻ സഹായകമാകും എന്ന് പറഞ്ഞകാര്യം അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. ബിനോയ് വിശ്വം: ഈ പ്രമേയത്തിന്റെ അവതാരകനായ ഞാൻ പറയുന്നത് ഈ പ്രമേയത്തിന്റെ ഉള്ളടക്കത്തിൽ ശ്രീ. രാധാകൃഷ്ണൻ പറഞ്ഞതുപോലെയുള്ള വിശ്വപ്രധാനമായ പ്രശ്നങ്ങൾ ഉൾക്കൊള്ളിച്ചാൽ അങ്ങ് ഈ പ്രമേയത്തെ പിൻതാങ്ങാൻ തയ്യാറാണെങ്കിൽ പൂർണ്ണപിന്തുണയോടുകൂടി ഈ പ്രമേയത്തിൽ ഉൾക്കൊള്ളിക്കാൻ ഞാൻ തയ്യാറാണ്.

ശ്രീ. ടി. യു. രാധാകൃഷ്ണൻ: ഞാൻ അതിൽ പ്രധാനമായി എതിർക്കുന്ന ഒരു പോയിന്റ് കേന്ദ്ര സർക്കാരിന്റെ നയവൈകല്യംമൂലം ഈ മേഖലയിൽ പ്രശ്നങ്ങളുണ്ടെങ്കിൽ അതിനെതിരായി നാം ശബ്ദിക്കണം. ഈ സംസ്ഥാനത്ത് 50 കോടി രൂപ ഇതിനുവേണ്ടി നീക്കിവച്ച് കേരളത്തിലെ പരമ്പരാഗത വ്യവസായത്തിന്റെ ഇൻഫ്രാസ്ട്രക്ച്ചർ മുഴുവൻ മാറ്റി അതിനെ രക്ഷിക്കാൻ വേണ്ട നയരൂപീകരണവുമായി മുന്നോട്ടുവരണമെന്ന് അഭ്യർത്ഥിക്കുന്നു. കേന്ദ്ര സംസ്ഥാന സർക്കാരിനെ കുറ്റപ്പെടുത്തുന്ന പ്രമേയത്തോട് എനിക്ക് യോജിക്കാൻ കഴിയുകയില്ല.

ശ്രീ. പി. ടി. തോമസ്: ബഹുമാനപ്പെട്ട അംഗം വളരെ ഗൗരവമായി സംസാരിച്ചു കൊണ്ടിരിക്കുമ്പോൾ പ്രതിപക്ഷത്തുള്ള പ്രധാനപ്പെട്ട ആളുകൾ ഉൾപ്പെടെ കോൺഗ്രസ്സിന്റെ നയസമീപനങ്ങളെക്കുറിച്ച് പല ചോദ്യങ്ങളും ചോദിക്കുകയുണ്ടായല്ലോ. ഈ കഴിഞ്ഞ സിംലാ ചിന്താ ശിബിരത്തിൽ വളരെ അസന്നിഗ്ദ്ധമായി കോൺഗ്രസ്സിന്റെ നിലപാട്

വ്യക്തമാക്കിയിട്ടുള്ളത് അങ്ങേക്ക് അറിയാമല്ലോ. തത്വാധിഷ്ഠിത രാഷ്ട്രീയം, ജനാധിപത്യം, മതേതരത്വം, സാമ്പത്തികമായ സുസ്ഥിരത, സാമൂഹ്യ സാത്വീകരണം തുടങ്ങിയ വിഷയങ്ങളെക്കുറിച്ചും അതുപോലെ ഇതിനോടുള്ള അചഞ്ചലമായ പ്രതിബദ്ധതയും ഇന്ത്യയുടെ ചരിത്രവുമായി കോൺഗ്രസ് താദാത്മ്യം പ്രാപിക്കുന്നത് തിരിച്ചറിയുന്നവരും വർത്തമാനകാലകാര്യങ്ങൾ അംഗീകരിക്കുന്നവരുമായ മുഴുവൻ പ്രസ്ഥാനങ്ങളുമായി കോൺഗ്രസ് ധാരണയുണ്ടാക്കാൻ തയ്യാറാണെന്ന കാര്യമാണ് ഈ പറയുന്ന പല പ്രശ്നങ്ങൾക്കും മറുപടി എന്നുള്ള കാര്യം അങ്ങേക്കറിയാമോ?

ശ്രീ. ടി. യു. രാധാകൃഷ്ണൻ: ഞാൻ ദീർഘമായി പറയുന്നില്ല. കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ തെറ്റായ നയംമൂലം ഈ മേഖലയിൽ പ്രതിസന്ധിയുണ്ടായിട്ടുണ്ടെങ്കിൽ അതിനെതിരെ പ്രതികരിക്കുന്ന കാര്യത്തിൽ ഞാൻ യോജിക്കുന്നു. രാഷ്ട്രീയ പ്രേരിതമായി സംസ്ഥാന സർക്കാർ ഈ മേഖലയെ സംരക്ഷിക്കാനെടുക്കുന്ന നിലപാടിനോട് പൂർണ്ണമായും യോജിക്കാൻ ശ്രീ. ബിനോയ് വിശ്വം ഉൾപ്പെടെയുള്ള രാഷ്ട്രീയ പ്രസ്ഥാനത്തിന്റെ ആളുകളും ട്രേഡ് യൂണിയൻ നേതാക്കന്മാരും ഒരുമിച്ച് നിന്നുകൊണ്ട് കേരളത്തിലെ പരമ്പരാഗത വ്യവസായത്തെ നമ്മുടെ ഒരു ജീവൻമരണ പ്രശ്നമായി കണ്ട് ഇതിനെ സംരക്ഷിക്കാനുള്ള നടപടിയുണ്ടാകണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് ഞാൻ നിറുത്തുന്നു.

ശ്രീ. സി. മോയിൻകുട്ടി : ബഹുമാനപ്പെട്ട ബിനോയ് വിശ്വം അവതരിപ്പിച്ച പ്രമേയത്തിന്റെ പരിസമാപ്തികുറിച്ചുകൊണ്ട് അദ്ദേഹം പറഞ്ഞത് യോജിച്ച ഒരു തീരുമാനത്തിലെത്തിച്ചേരണമെന്നുള്ളതാണ്. സമവായത്തിന്റെ ശബ്ദമാണ് ഉയർന്നിട്ടുള്ളത്. തീർച്ചയായും ഈ മുഹൂർത്തത്തിലുള്ള പ്രസംഗമല്ല പരിപൂർണ്ണമായ ഒരു രാഷ്ട്രീയ പ്രസംഗമാണ് നടത്തിയത്. ഇവിടെ മാനിഫെസ്റ്റോയിൽ പറഞ്ഞകാര്യം യു.ഡി.എഫ്. മറന്നുപോയി എന്നു പറഞ്ഞാണ് ആക്ഷേപിച്ചത്. മാനിഫെസ്റ്റോ വേറെ, ഭരണം വേറെ. അങ്ങനെയാണ് കഴിഞ്ഞകാല ഭരണം. അന്ന് അദ്ദേഹം നിയമസഭയിലില്ല. പരിപൂർണ്ണമായും ഭരണം വേറെ, മാനിഫെസ്റ്റോ വേറെ എന്നൊരു സമീപനമായിരുന്നു സഖാവ് നായനാർ എടുത്തത്. ഈ ഗവൺമെന്റിനെ സംബന്ധിച്ചിടത്തോളം ധാരാളം കാര്യങ്ങൾ പൂർത്തീകരിക്കാനുണ്ട്. രണ്ടുവർഷമായി അതിനുള്ള ശ്രമം നടത്തിയിട്ടുണ്ട്. ഏതായാലും കേരളത്തിന്റെ ഐഡന്റിറ്റിയുടെ പ്രതീകമായിട്ടുള്ള നമ്മുടെ പരമ്പരാഗത വ്യവസായ മേഖലയിലെ പാവപ്പെട്ട തൊഴിലാളികളെ സംബന്ധിച്ചിടത്തോളം യുണിസെഫ്-ന്റെ റിപ്പോർട്ടിൽ പറയുന്ന പ്രകാരം സാമ്പത്തിക ഉദാരവൽക്കരണ കാര്യത്തിൽ പാവപ്പെട്ടവരുടെ താൽപ്പര്യം സംരക്ഷിക്കുമെന്നുള്ളതാണ്. തീർച്ചയായും അത് സംരക്ഷിക്കുന്നതിനുവേണ്ടിയുള്ള കൂട്ടായ മുന്നേറ്റം ഉണ്ടാകണമെന്നുള്ളതാണ് എനിക്കു പറയാനുള്ളത്. ഈ രംഗത്തുമാത്രം പ്രാവീണ്യമുള്ള പാവപ്പെട്ട തൊഴിലാളികൾ ആഗോളവൽക്കരണത്തിന്റെ നീരാളിപ്പിടുത്തത്തിൽ ധാരാളം പ്രയാസങ്ങളും ബുദ്ധിമുട്ടുകളും അഭിമുഖീകരിക്കുകയാണ്. അതിന്റെ ഗുണഫലങ്ങൾ മുറിച്ചുകടക്കാൻ സാധിക്കണം. അമർത്യാസെൻ സൂചിപ്പിച്ചതുപോലെത്തന്നെ ഇത് ഒരു യാഥാർത്ഥ്യമായി മാറിയിരിക്കുകയാണ്. അത് മുറിച്ചുകടക്കാനുള്ള ഫലപ്രദമായ പ്രായോഗികമായ

LIBRARY ARCHIVES Kerala Legislative Assembly

ബുദ്ധിയാണ് ഈ സന്ദർഭത്തിൽ ആവശ്യമായിട്ടുള്ളത്. കേന്ദ്ര ഗവൺമെന്റിന്റെ ഇറക്കുമതി നയത്തിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ പുതിയ സ്വാധീനം വച്ചുകൊണ്ട് അദ്ദേഹം ആ രംഗത്ത് കുറേക്കൂടി സമ്മർദ്ദം ചെലുത്തണമെന്നാണ് എനിക്ക് ആ കാര്യം സംബന്ധിച്ച് പറയാനുള്ളത്. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ പുതിയ സ്വാധീനം വച്ചുകൊണ്ടാണ് ഞാനത് പറഞ്ഞത്. അതുകൊണ്ട് ഒരു ഉപഭോക്തൃ സംസ്ഥാനമായ കേരളത്തിൽ....

ശ്രീ. കെ. വി. കുഞ്ഞിരാമൻ : അങ്ങ് മുഖ്യമന്ത്രിക്ക് കേന്ദ്ര ഗവൺമെന്റിലുള്ള പുതിയ സ്വാധീനത്തേയും അതിന്റെ പ്രത്യേകതയേയും സംബന്ധിച്ച് പറഞ്ഞു. കേരളത്തിലെ മാറാട് ഉൾപ്പെടെയുള്ള പ്രദേശങ്ങളിൽ മതന്യൂനപക്ഷജനവിഭാഗങ്ങൾ അഭിമുഖീകരിക്കുന്ന പ്രതിസന്ധിയിൽ അദ്ദേഹമെടുക്കുന്ന നിലപാടിനെക്കുറിച്ച് അങ്ങേക്കുള്ള അഭിപ്രായം എന്താണ്?

ശ്രീ. സി. മോയിൻ കുട്ടി: പരമ്പരാഗതമാണ് വിഷയം. ആ രംഗത്ത് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ സ്വാധീനം വച്ചുകൊണ്ട് പരമ്പരാഗത വ്യവസായികൾ നമ്മുടെ ഉപഭോക്തൃ സംസ്ഥാനമായ കേരളത്തെ സംബന്ധിച്ചിടത്തോളം പുതിയ പരസ്യപലക അവരുടെ ഏറ്റവും വലിയ പ്രതീക്ഷയായി മാറിയിരിക്കുകയാണ്. ഈ രംഗത്ത് സാങ്കേതിക വിദ്യ വളർത്തിക്കൊണ്ടുവരുന്നതോടൊപ്പംതന്നെ പരസ്യങ്ങൾക്ക് സബ്സിഡി കൊടുത്തുകൊണ്ട് ഈ പരമ്പരാഗതമേഖലയെ നിലനിർത്തുന്നതിനുവേണ്ടിയുള്ള ശ്രമമുണ്ടാകണം. പുതിയ രൂപത്തിലുള്ള സാങ്കേതികവിദ്യ നമ്മൾ കണ്ടെത്തണം. അതിനാവശ്യമായ ബോധവൽക്കരണം നൽകണം. അല്ലെങ്കിൽ നമ്മുടെ നെൽവയലുകൾ അന്യമായതു പോലെത്തന്നെ പരമ്പരാഗതമേഖല അന്യമായിപ്പോകും. അതിനാവശ്യമായ സാങ്കേതിക വിദ്യ, അതിനാവശ്യമായ പ്രായോഗിക സമീപനങ്ങൾ, അതുപോലെ പരസ്യങ്ങൾക്കുള്ള സബ്സിഡികൾ ഇതൊക്കെ അനുവദിക്കാൻ തയ്യാറാകണം. സാങ്കേതിക വിദ്യയിലൂടെ മാത്രമേ മുന്നോട്ടുപോകാൻ സാധിക്കൂ. മൽസ്യമേഖലയിലടക്കം ചാളയുടേയും മത്തിയുടേയും ഉൽപ്പാദനം കുറഞ്ഞുകൊണ്ടിരിക്കുകയാണ്. അതുകൊണ്ട് മാർക്കറ്റിലെത്തുന്ന ഇത്തരം പരസ്യപലകകളിലൂടെ രംഗത്തുവരുന്ന സാധനങ്ങളെ മുറിച്ചുകടക്കാനുള്ള നൂതനമായ പരിപാടികൾ നമ്മുടെ ഗവൺമെന്റ് ആവിഷ്കരിക്കണം. നമ്മുടെ ഗവൺമെന്റിന് ഈ കാര്യത്തിൽ ധാരാളം കാര്യങ്ങൾ ചെയ്യാം. നമ്മുടെ സ്കൂളുകൾക്ക് കൊടുക്കുന്ന യൂണിഫോമിന്റെ കാര്യത്തിൽ..... എന്തുകൊണ്ട് കൈത്തറിമേഖലയിൽ വ്യാപകമായിട്ടുള്ള പ്രചരണം നടത്തി കൈത്തറി മേഖല പരിപോഷിപ്പിക്കുന്നതിനാവശ്യമായ നടപടി സ്വീകരിച്ചുകൂടാ?

ശ്രീ. ടി. വി. ചന്ദ്രമോഹൻ: ഖാദി മേഖലയിൽ തുണി കെട്ടിക്കിടക്കുന്നുണ്ട്. ആ തുണി ഉപയോഗിച്ച് പോലീസുകാർക്ക് യൂണിഫോം ഉണ്ടാക്കുന്നതിൽ അങ്ങയുടെ അഭിപ്രായം എന്താണ്?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. സി. മോയിൻ കുട്ടി: തീർച്ചയായും അങ്ങയുടെ അഭിപ്രായം പ്രായോഗികമായ നിർദ്ദേശമാണ്. ഗവൺമെന്റ് തലത്തിൽതന്നെ ത്രിതല പഞ്ചായത്തിലായാലും ഗവൺമെന്റിന്റെ അവശ്യവസ്തുക്കളുടെ കാര്യത്തിലായാലും നമ്മുടെ പരമ്പരാഗത മേഖലയിൽ ഉൽപ്പാദിപ്പിക്കുന്ന സാധനങ്ങൾ മുഴുവൻതന്നെ പ്രയോജനപ്പെടുത്താൻ സാധിക്കണം. വിശേഷിച്ച് കൈത്തറി മേഖലയിൽ. ശ്രീ. ചന്ദ്രമോഹൻ സൂചിപ്പിച്ചതുപോലെ കൈത്തറി മേഖലയിൽ നമ്മുടെ കുട്ടികൾക്ക്, പോലീസുകാർക്ക് ആവശ്യമായ യൂണിഫോം നൽകാൻ സാധിക്കും. ബഹുമാനപ്പെട്ട മന്ത്രി ഇവിടെ സൂചിപ്പിച്ചതുപോലെ മാൻ പവ്വറാണ് നമ്മുടെ കരുത്ത്. ആ മാൻ പവ്വർ പരിപൂർണ്ണമായും ചൂഷണം ചെയ്യാൻ റിസോഴ്സ് ഡെവലപ്മെന്റ് പ്രയോജനപ്പെടുത്തുന്നതിനുവേണ്ടിയുള്ള പരിശ്രമങ്ങൾ ഉണ്ടാക്കണമെന്നാണ് പറയാനുള്ളത്. സബ്സിഡികൾ പ്രോൽസാഹിപ്പിക്കുന്ന കാര്യത്തിൽ അഭിപ്രായവ്യത്യാസങ്ങൾ ഉണ്ടെങ്കിലും ദുർബലവിഭാഗങ്ങൾക്ക് മറ്റെന്തു രക്ഷയാണുള്ളത്. അമേരിക്കയിൽപ്പോലും സബ്സിഡി കൊടുക്കുന്നില്ല. ഇവിടെ ദുർബല വിഭാഗങ്ങൾക്ക് പിടിച്ചുനിൽക്കാൻ സാധിക്കുകയില്ല. വളരെയേറെ തകർന്ന് തരിപ്പണമായ പല വ്യവസായങ്ങളും സംരക്ഷിക്കുന്നതിനുള്ള, പരിപോഷിപ്പിക്കത്തക്കവിധത്തിലുള്ള സഹായങ്ങൾ സബ്സിഡി വകയിൽ കണ്ടെത്താൻ നമുക്ക് സാധിക്കണം. അതിനാവശ്യമായ ഫണ്ട് സ്വരൂപിക്കാൻ സാധിക്കണം. അതുപോലെ തന്നെ വിപണി കണ്ടെത്താൻ സാധിക്കണം. വിപണി കണ്ടെത്തുന്ന കാര്യത്തിൽ ഗവൺമെന്റ് നിദാന്ത ജാഗ്രത പാലിച്ചുകൊണ്ട് വിപണി കണ്ടെത്തുന്ന കാര്യത്തിൽ ഉറപ്പുണ്ടാകണം. ഈ രംഗത്ത് ഉൽപ്പാദിപ്പിക്കുന്ന സാധനങ്ങളുടെ കുമ്പാരങ്ങൾ വർദ്ധിച്ചുകൊണ്ടിരിക്കുന്ന സാഹചര്യത്തിൽ ആ ചുറ്റുപാടും ഗവൺമെന്റ് ഏറ്റെടുക്കണമെന്നാണ് എനിക്ക് പറയാനുള്ളത്. അതുപോലെ കയർ, കശുവണ്ടി, കൈത്തറി ഗുണമേന്മ ഉറപ്പുവരുത്തുന്ന കാര്യത്തിലായാലും എക്സ്പോർട്ടിംഗ് ഉറപ്പുവരുത്തുന്ന കാര്യത്തിലായാലും പ്രത്യേക താൽപ്പര്യം കാണിക്കണമെന്നാണ് എനിക്കു പറയാനുള്ളത്. അതുപോലെ എക്സ്പോർട്ടിന്റെ ധാരാളം പ്രയാസങ്ങളും ബുദ്ധിമുട്ടുകളുമൊക്കെ പത്ര മാധ്യമങ്ങളിലൂടെ നമ്മൾ നിരന്തരമായി കാണുകയാണ്. 45 ലക്ഷത്തോളം വരുന്ന ഈ മേഖലയെ രക്ഷപ്പെടുത്തണമെങ്കിൽ ഈ രംഗത്ത് വളർച്ചയ്ക്ക് എന്നും പാരയായിട്ടുള്ള രാഷ്ട്രീയ സമീപനം മാറ്റണം. പറയുന്ന ഓരോ വരിയിലും രാഷ്ട്രീയം കാണുന്ന സമീപനം അവസാനിപ്പിക്കണം. അതോടൊപ്പംതന്നെ ഈ രംഗത്ത് കൈത്തറി സംഘടനകളുടെ അഴിമതികൾ അവസാനിപ്പിക്കണം. ഈ രംഗത്ത് ഉള്ള അഴിമതി കണ്ടുപിടിച്ച് അവരുടെ ചെവിക്കുപിടിച്ച് രംഗത്തുകൊണ്ടുവരുന്നതിനുള്ള നിദാന്ത ജാഗ്രത കൈത്തറി മേഖലയിലായാലും സഹകരണമേഖലയിലായാലും ഉണ്ടാകണം.

(ചർച്ച തുടരും)

• മി. ഡെപ്യൂട്ടി സ്പീക്കർ: ഈ ചർച്ച അടുത്ത ദിവസം തുടരാവുന്നതാണ്. സഭ ഇപ്പോൾ പിരിയുന്നതും തിങ്കളാഴ്ച രാവിലെ 8.30-ന് വീണ്ടും സമ്മേളിക്കുന്നതുമാണ്.

(2003 ജൂലായ് മാസം 14-ാം തീയതി രാവിലെ 8.30-ന് വീണ്ടും സമ്മേളിക്കുന്നതിനായി സഭ ഉച്ചയ്ക്ക് 12.30-ന് പിരിഞ്ഞു.)

LIBRARY ARCHIVES Kerala Legislative Assembly